Registered No. M-4485 Madras War Review, Malayalam—23-3-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 മാർച്ച് 23-ാംനു, വെള്ളിയാഴ്ച [ലക്കം 28

## രാജകീയ അനുമോദനം

★

ബർമ്മയിൽ നിങ്ങൾക്കു ഉണ്ടായി വരുന്ന പുരോഗതിയുടെ ഒരു പ്രധാന ലക്ഷണമാണ്, മാണ്ടലെ അധീനപ്പെടുത്തിയതു്.

വിക്രമമേറിയതും നീണ്ടുനില്ക്കുന്നതും ആയ തെക്കുകിഴക്കൻ ഏഷ്യാസമരത്തിൽ വിമാനസേന, കടൽസേന ഇവയുടെ സഹായസഹകരണങ്ങളോടുകൂടി നിങ്ങളുടെ നേതൃത്വത്തിലുള്ള കരസൈന്യം പ്രദർശിപ്പിച്ച പരാക്രമവും ധീരതയും ഞാൻ ശ്ലാഘയോടുകൂടി വീക്ഷിച്ചിട്ടുണ്ടു്.

നിങ്ങൾക്കും, നിങ്ങളുടെ നേതൃത്വത്തിലുള്ള എല്ലാ ഭടന്മാക്കും ഞാൻ എന്റെ അഭിനന്ദനങ്ങൾ അയയക്കുന്നു.

—തെക്കുകിഴക്കൻ ഏഷ്യ രംഗത്തിലെ സുപ്രീം അലൈഡ് കമാണ്ടർ, ലൂയി മൌണ്ട്ബാററൻ പ്രഭുവിനു്, രാജാവു തിരുമേനി 1945 മാർച്ച് 19-ാംനു അയച്ച ഒരു സന്ദേശത്തിൽ



ആറാം ജോർജ്ജ് ചക്രവർത്തി

# മദ്രാസുകാർ ലോകത്തെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്

പഴയ മദ്രാസ് സേനയുടെ ചരിത്രം വായിക്കുമ്പോൾ ഞാനെല്ലായ്പോഴും കരുതിയിട്ടുണ്ട്, സൈനികാധികൃതന്മാർ ഈയിടെയായി മദ്രാസികളെ മറക്കുന്നതു് വലിയ ഒരബദ്ധമാണെന്ന്. 1700 നു ശേഷമുള്ള പഴയ ചരിത്രം വായിച്ചാൽ ഇന്ത്യയിലെ സമരങ്ങളിൽ മദ്രാസികൾ ഒരു വലിയ പങ്ക് നിർവ്വഹിച്ചിട്ടുണ്ടെന്നും, എല്ലായ്പോഴും വിജയം കൈവരിച്ചിട്ടുണ്ടെന്നും നിങ്ങൾക്കു കാണാം.

ഞാൻ ഈ നാട്ടിൽ വന്ന ആദ്യത്തെ ആഴ്ച മുതൽക്കുതന്നെ, സർവ്വസൈന്യാധിപനോടും അദ്ദേഹത്തിന്റെ അനന്തരഗാമികളോടും, മദ്രാസികൾ മററാരെപോലെയും പൊരുതിയിട്ടുണ്ടെന്നും, പൊരുതുന്നുണ്ടെന്നും, പൊരുതുമെന്നും ഞാൻ ഉന്നിപ്പറഞ്ഞിട്ടുണ്ട്.

## നല്ല പടയാളികളും അദ്ധ്വാനശീലന്മാരും

ഞാൻ അന്നൊക്കെ പറഞ്ഞതു് ഇന്നു തികച്ചും ന്യായീകരിക്കപ്പെട്ടിരിക്കുന്നു. രണ്ടു മാസങ്ങൾക്കു മുമ്പു ഞാൻ ബർമ്മയുദ്ധരംഗത്തിലുണ്ടായിരുന്നപ്പോൾ, മദ്രാസുകാർ വീരോചിതം പോരാടുകയും, സന്തുഷ്ടതയോടെ ഏതു വിഷമകൃത്യവും നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ടെന്നു എല്ലാവർക്കും ബോദ്ധ്യമായിട്ടുണ്ടെന്ന് എനിക്ക് മനസ്സിലാക്കുവാൻ സാധിച്ചു. എല്ലാ കമാണ്ടിങ്ങ് ആഫീസർമാരും മദ്രാസുകാരുടെ കർത്തവ്യബോധത്തിനും, സമരനൈപുണ്യത്തിനുമായി അഭിനന്ദനങ്ങൾ നൽകിയിട്ടുണ്ട്. ഈ കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കുള്ളിൽ, ഏതെങ്കിലും നാം കണ്ടിട്ടുണ്ടെങ്കിൽ, അതു് ഈ ലോകമഹാ യുദ്ധത്തിൽ തങ്ങളുടെ രാജ്യരക്ഷക്കുവേണ്ടി മദ്രാസുകാർ നിർവ്വഹിച്ചുവരുന്ന ഗണ്യമായ പങ്കാണ്.

—എഛ്. ഇ. സർ ആർതർ ഹോപ്പ്, മദ്രാസ് ഗവർണ്ണർ, മാർച്ച് 14-ാംനു- മദ്രാസ് റോട്ടറി ക്ലബ്ബിൽചെയ്ത ഒരു പ്രസംഗത്തിൽ.

# ചത്തും കൊന്നും പിടിച്ചടക്കുക!

നിങ്ങൾക്കോർമ്മയുണ്ടോ? കേരളചരിത്രത്തിൽ കാണുന്ന ഒരു മുദ്രാവാക്യമാണിതു്; ചേരമാൻ പെരുമാൾ മാനിച്ച വിക്രമന്മാർക്ക് നൽകിയ ശാസനം!

ഇന്നു്, ഞങ്ങൾ കേരളത്തിന്റെ പുത്രന്മാരായ ആ വീരയോദ്ധാക്കന്മാരോടു്, എല്ലാ രംഗങ്ങളിലും വീരതയും വിക്രമവും പ്രദർശിപ്പിച്ചു പൊരുതുന്ന സഹോദരന്മാരോടു് അഭ്യർത്ഥിക്കുന്നു, "ചത്തും കൊന്നും പിടിച്ചടക്കുക."

നിങ്ങൾ നാട്ടിന്റെ അഭിമാനദീപങ്ങളാണ്; കേരളത്തിന്റെ അന്തസ്സാണ്. നിങ്ങളുടെ സേവനങ്ങൾ അനന്തകീർത്തിയും, അമൂല്യതയും, അത്ഭുതവും ഉൾക്കൊള്ളുന്നവയാണ്.

പോകൂ, മുന്നോട്ടു്, ശത്രുവിന്റെ ശവങ്ങൾ ചവിട്ടിമെതിച്ചു് മുന്നോട്ടു പോകൂ!

ജാപ്പ് ദുഷ്പ്രഭുത്വത്തിന്റെ ഹൃദയം കുത്തിത്തുളക്കുവാൻ കുന്തമുനകൾ കൂർപ്പിച്ചു് കുതിച്ചു മുന്നോട്ടു പോകൂ! നിങ്ങളുടെ ചവിട്ടേററു് അതിന്റെ നട്ടെല്ലു പൊട്ടിത്തെറിച്ചു ചിതറട്ടെ!

ഞങ്ങൾ നിങ്ങളുടെ പിന്നിലുണ്ടു്; വിശ്വാസപൂർവ്വം മുന്നോട്ടു പോകുക; വീരോചിതം പോരിടുക; വിശ്വം വിസ്മയിക്കട്ടെ!

**യോദ്ധാവേ, വിജയം വിദൂരമല്ല. അതാ, . . .! മുന്നോട്ട് . . . . .**

**അതാ നോക്കു! . . . . .**

# യശഃശരീരനായ അലക്സിടോൾസ്റ്റോയ്

## പ്രശസ്തസാഹിത്യകാരന്മാരുടെ അഭിനന്ദനങ്ങൾ

സോവിയററ് റഷ്യയിലെ ഒരു പ്രഖ്യാതസാഹിത്യകാരനും ദേശാഭിമാനിയുമായ അലക്സി ടോൾസ്റ്റോയ് നിര്യാതനായ വിവരം യുദ്ധസഞ്ചികയിൽ മുമ്പൊരിക്കൽ പ്രസിദ്ധപ്പെടുത്തിയിരുന്നുവല്ലൊ. പരേതന്റെ മൃതശരീരം ഫിബ്രവരി 26-ാംനു- മോസ്കോവിൽവെച്ചു സംസ്കരിക്കപ്പെട്ടു. മോസ്കോവിലെ മില്ലുകൾ, തൊഴിൽശാലകൾ എന്നിവയുടെ പ്രതിനിധികൾ, സാഹിത്യകാരന്മാർ, ശാസ്ത്രജ്ഞന്മാർ, കലാകാരന്മാർ തുടങ്ങിയവർ ആ സുപ്രസിദ്ധ സാഹിത്യകാരനു അവസാനമായി അവരുടെ ഭക്ത്യാദരവുകൾ പ്രദർശിപ്പിക്കുന്നതിന്നായി സന്നിഹിതരായിരുന്നു. ആർ.എസ്സ്.എഫ്.എസ്സ്.ആറിലെ സുപ്രീം സോവിയററിന്റെ അദ്ധ്യക്ഷനായ നിക്കോളെ ഷെഫിനിക്, സോവിയററ് ഗവർമ്മേണ്ടിനുവേണ്ടി, ആ ശവസംസ്കാരയോഗത്തിൽ പ്രസംഗിച്ചു: "ഏററവും മഹാനായ ഒരു കലാകാരൻ നമുക്കു എന്നെന്നേക്കുമായി നഷ്ടപ്പെട്ടു."

അദ്ദേഹം പ്രസ്താവിച്ചു: "രാഷ്ട്രത്തിനും പൊതുജനങ്ങൾക്കും അദ്ദേഹം അത്യാദരവും മഹനീയവുമായ സേവനങ്ങൾ ചെയ്തിട്ടുണ്ട്. അലക്സി നിക്കോളെയെവിച്ച് ടോൾസ്റ്റോയ്, അഖില സ്ലാവ് കമ്മിററിയുടെ അദ്ധ്യക്ഷമണ്ഡലത്തിലെയും, ജർമ്മൻ കടുംകയ്യുകളെ അന്വേഷിച്ചറിയുന്നതിനുള്ള കമ്മിററിയിലെയും ഒരംഗമായിരുന്നു; എന്തിനും സമയം അദ്ദേഹത്തിനുണ്ടായിരുന്നു. അക്ഷയമായിരുന്നു അദ്ദേഹത്തിന്റെ നിപുണത. ഈ യുദ്ധത്തിൽ അലക്സി ടോൾസ്റ്റോയ് തന്റെ പ്രതിഭയും ധിഷണാപടുത്വവും ജർമ്മൻനാസിസത്തിന്നെതിരായ സമരത്തിന്നായി വിനിയോഗിച്ചു. ജർമ്മൻ ആക്രമികളുടെ നിഷ്ഠുരവും നീചവുമായ കൃത്യങ്ങളെ അദ്ദേഹം വെളിപ്പെടുത്തി. പരിഷ്കാരത്തിന്റെയും സംസ്കാരത്തിന്റെയും ഘാതകന്മാരും, അരക്ഷിതരായവരെ ആക്രമിക്കുന്നവരുമായ ജർമ്മൻ കൊലപാതകികൾക്കെതിരായി ജനങ്ങളുടെ ഇടയിൽ വെറുപ്പും, വിദ്വേഷവും, പ്രതികാരേച്ഛയും അദ്ദേഹം ഉദ്ദീപിപ്പിച്ചു........ സോവിയററു ഭരണകാലത്തു് അലക്സിടോൾസ്റ്റോയുടെ സൃഷ്ടികാശക്തി അതിന്റെ മൂർദ്ധന്യദശയിലെത്തി. രാജ്യത്തോടു സീമാതീതമായ സ്നേഹം കാണിക്കുന്ന അനവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ടു്."

ഈ യോഗത്തിൽ സംസാരിച്ചവരിൽ, സോവിയററ് ഗ്രന്ഥകാരന്മാരുടെ സംഘത്തിന്റെ അദ്ധ്യക്ഷനായ നിക്കോളേ ടിക്കാനോവും, പ്രശസ്തറഷ്യൻസാഹിത്യകാരനായ മിക്കെയിൽ ഷൊളൊക്കോവും ഉൾപ്പെട്ടിരുന്നു.

പീപ്പിൾസ് കമ്മിസ്സാർമാരുടെ കൌൺസിൽ ഒരു തീരുമാനംമൂലം അലക്സിടോൾസ്റ്റോയുടെ ഒരു സ്മാരകം മോസ്കോവിൽ ഏർപ്പെടുത്തുവാനും ടോൾസ്റ്റോയുടെ ബഹുമാനാർത്ഥം പല സർവ്വകലാശാലകളിലും സ്കോളർഷിപ്പ് കൊടുക്കുന്നതിനും നിശ്ചയിച്ചിരിക്കുന്നു.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1945 മാർച്ച് 23-ാംനു, വെള്ളിയാഴ്ച

## ബർമ്മയിലെ നേട്ടങ്ങൾ

14-ാം പട! അവർ ബർമ്മയിൽ ചരിത്രം സൃഷ്ടിച്ചു കഴിഞ്ഞു. ഒരൊററ വർഷത്തിന്നുള്ളിൽ, ലോകത്തിലെ ഏററവും വിഷമം പിടിച്ച ഒരു ഭൂഭാഗത്തു നിന്നവർ വിരോചിതം പൊരുതി; ശത്രുവിനെ പിന്നോട്ടടിച്ചു പായിച്ചു. ബർമ്മയുടെ ഹൃദയത്തിലേക്കു, കാടും മേടും കടന്നു, മഞ്ഞും മഴയും സഹിച്ചു, കൊതുകിനേയും, അട്ടയേയും എതിർത്തുമല്ലിട്ടു ആ വീരസൈന്യം മുന്നോട്ടാഞ്ഞു കുതിച്ചു.

ഇന്നു സർവ്വകേന്ദ്രങ്ങളിൽനിന്നും അവക്കു ലഭിച്ചുവരുന്ന അഭിനന്ദനങ്ങളും ആശംസകളും, പ്രശംസകളും അവരർഹിക്കുന്നതിൽ ലേശവും കവിയുന്നില്ല. ആക്കും 14-ാം പടയുടെ സേവനത്തെപ്പററി ഓർമ്മിക്കാതിരിക്കാൻ നിവൃത്തിയില്ല. അത്രമാത്രം അമൂല്യമാണ് അവരുടെ സേവനം; അത്രമാത്രം മഹനീയമാണ് അവരുടെ നേട്ടം; അത്രമേൽ പുളകോൽഗമകാരിയാണ് ആ രണരംഗങ്ങളിലെ വീരചരിതങ്ങൾ. ബ്രിട്ടനിലെ യുദ്ധകാര്യമന്ത്രി ഈ സംഗതി പാർല്ലിമെണ്ടിൽ മാർച്ച് 13-ാംനു ഉച്ചൈസ്വരം ഉൽഘോഷിച്ചു, "നമ്മുടെ ചരിത്രത്തിലെ ഏററവും പ്രശംസനീയവും പ്രധാനമായതുമാണ് അവരുടെ നേട്ടങ്ങൾ."

ഇന്ന് എല്ലാവരും നോക്കുന്നതു യൂറോപ്പിലേക്കാണ്. എന്നാൽ, യൂറോപ്യൻ യുദ്ധത്തിൻെറ അന്ത്യദശ ആസന്നമായിരിക്കുന്ന ഈ അവസരത്തിൽ, ജാപ്പാനെതിരായുള്ള സമരത്തിൻെറ പ്രാധാന്യം നമ്മുടെ മുമ്പിൽ തുറിച്ചുനില്ക്കുന്നു. വിദൂര പൌരസ്ത്യദേശത്തെ യുദ്ധങ്ങളിൽ വിശേഷപ്പെട്ട ഒന്നാണ് ബർമ്മയിലെ വിജയം. അതിൽ പതിനാലാം പടയുടെ പരാക്രമശാലിത്വത്തിന്നുള്ള സ്ഥാനം പ്രഥമമായ ഒന്നാണ് താനും.

മലകളാൽ ചുററപ്പെട്ട ബർമ്മ വളരെ സുരക്ഷിതമായ ഒരു കോട്ടയാണെന്നു ജാപ്പുകൾ കരുതി. എന്നാൽ, സഖ്യസേനകൾ സഹനശക്തിയോടെ തീവ്രപരിശ്രമം ചെയ്തു ശത്രുവിൻെറ വിചാരം ഒരു മിത്ഥ്യാബോധമാണെന്നു ബോദ്ധ്യമാക്കി. അവർ ഏററവും സുരക്ഷിതമാണെന്നു കരുതിയ ആ സ്ഥലം ഇന്നവക്കു ഒരു കെണിയായി; നാളെ ഒരുവക്കെ അതു അവരുടെ ശ്മശാനം തന്നെ ആകാനിടയുണ്ട്.

കഴിഞ്ഞ കൊല്ലത്തിന്നുശേഷം സഖ്യസേനകൾ—വടക്കുകിഴക്കു നിന്നു അമേരിക്കൻ സേനകൾ, ബ്രിട്ടീഷ്, ഇന്ത്യൻ, ആഫ്രിക്കൻ എന്നീ പടകൾ വടക്കുകിഴക്കും കിഴക്കും—ജപ്പാനെ അമ്പരമ്പിച്ചു, അവ കടത്തിലാക്കി. ശത്രുസേനകളുടെ ഇന്നത്തെ നില പരിതാപകരമാണ്. അവരുടെ അവസാനത്തെ തുരുപ്പു ആത്മഹത്യ ചെയ്യുകയാണ്. അല്ലാത്തപക്ഷം കിഴക്കൻ കുന്നുകളിലേക്കു പിൻവാങ്ങുക. ബർമ്മയിലെ ആ കൊള്ളക്കാരുടെ വിധി ഇന്ന് അതൊന്നു മാത്രമാണ്.

ബർമ്മ ഫ്രാൻസിനേക്കാൾ വലുതാണ്. ആ രാജ്യത്തിൻെറ വലുപ്പം ഏതാണ്ടും 260,000 ചതുരശ്ര നാഴികയുണ്ട്. അതിൽ 100,000 ചതുരശ്ര നാഴിക വിമോചിതമാക്കിക്കഴിഞ്ഞു. ജാപ്പുകൾ, ആത്മഹത്യാപരമായ വിധത്തിൽ പോരാടി, നമ്മുടെ പുരോഗതിയെ തടയാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ മലവെള്ളം തട്ടുത്തുനിർത്താൻ മണലണക്കു അസാദ്ധ്യമാണ്. സഖ്യസേനകളുടെ പുരോയാനം തുടർന്നുതുടർന്നു തന്നെവരുന്നു. ജപ്പാൻെറ അധീനത്തിൽനിന്നു ബർമ്മ സ്വതന്ത്രമായിത്തീരുന്നു. മാണ്ഡലേ മാത്രമല്ല, രക്ഷാമാർഗ്ഗങ്ങൾ മുഴുവനും ഇന്നു ജാപ്പുകൾക്കു നിഷേധിക്കപ്പെട്ടുകഴിഞ്ഞു. മാണ്ഡലെയുടെ കിഴക്കൻ പ്രദേശത്തുവെച്ചു 14-ാം പടയും ചൈനീസ് ഒന്നാം സേനയും, ബ്രി. 36-ാം വിഭാഗവും, മേമിയോവിന്നും ഹേപ്പോവിന്നും ഇടയിലുള്ള വിടവിനെ നികത്തുന്നതിന്നായി മുന്നോട്ടു പോവുന്നു.

ഇനി ആറക്കാനുണ്ട്, ഇവിടെയും സഖ്യസേനകളുടെ നില സംതൃപ്തികരമാണ്. ആറക്കാനിൽ ഇതിന്നിടയിൽ അനവധി പടയിറക്കങ്ങളുണ്ടായി. ശത്രുക്കൾ പിൻവാങ്ങിക്കൊണ്ടിരിക്കുന്നു.

ബർമ്മയിലെ നേട്ടങ്ങൾക്കു ഹേതുഭൂതമായ മറെറാരു സംഗതി ആകാശസേനയുടെ അളവററ സഹായമാണ്. ജാപ്പുകളുടെ വിമാനശക്തി വളരെ പരിമിതമാണ്; മാത്രമല്ല ദിനംപ്രതി ക്ഷയിച്ചുവരികയും ചെയ്യുന്നു. ഈ തക്കം നോക്കി ഈസ്റ്റേൺ എയർ കമാണ്ട്, ജാഗ്രതയിൽ അതിൻെറ ജോലിനോക്കി. അതിൻെറ ഫലം അത്ഭുതാവഹമായിരുന്നുതാനും.

ജാപ്പാൻെറ പരാജയം—അതിനെപ്പററി ആശങ്കിക്കാനില്ല; ആ സുദിനം ആസന്നമായിക്കഴിഞ്ഞു.

---

## ജയാംബിക

(കെ. ജി. സേതുനാഥ്)

(മണികാഞ്ചി)

I

സുരതടിനി തന്നിലാറാടി യാടി സുഖം
സുരുചിരസു, ചേലയാഴ് വെൺ ചായൽ ചുററിയും,
കുനുകുതുക കുന്തളം ചിക്കിച്ചിരിക്കയും,
കുവലയ വിലോചനാ, ലുല്ലാസമേററിയും,
അസുലഭ മനോജ്ഞമാം കൈത്താരിലുജ്ജ്വലം
കുസുമമധുമാല്യം വഹിച്ചു കൊണ്ടാദരായ്,
അനുനിമിഷ മുള്ളംകവർന്നു, കൺകക്കുമാ-
റരികിൽമമ നില്ക്കുന്നതാര് ? നീ, ദേവതെ!..
ഭടനിവനിലിത്രമേൽ സംപ്രീതിയോടു മി-
ങ്ങടർ നിലമിതിങ്കലാതങ്ക ഹീനത്തോടും,
ഭരിതഭവികാംഗയായ് നില്ക്കുന്നനിന്നെ ഞാൻ
ഭവന "ജയലക്ഷ്മി" യായ് കാണുന്നിതംബികേ !!..
കഴുകുകൾ, കബന്ധങ്ങ, ളസ്ഥിശകലാദി, സം-
കലിത, കദനാപ്ലുതം സംഗ്രാമഭൂമിയിൽ
ശകലിതശരീരനായ് നില്ക്കുന്ന പോരടി-
ച്ചുക, മണ്ണു കുലഞ്ഞിടാതെപ്പൊഴും നിർഭയം
ഇവിടെയിദ മിന്നട്ടു നിന്നാഗമോത്സവം
അവികല മഭംഗുരം വീക്ഷിച്ചിരുന്നു ഞാൻ !!..
അയി, സുകൃതദായികേ, വൈകുന്നതെന്തു നീ,
മയി, വിജയമാല്യം വിഭൂഷയാക്കീടുവാൻ
വിരവിലരികത്തു നിന്നാനന്ദകന്ദളം
വിതറിവിമലസ്മിതം തൂകിയാൽ പോരുമൊ ?
മധുര മധുരമ്യമാം യൌവ്വനം പുല്ലുപോൽ
മനസി കരുതിക്കൊണ്ടടക്കളം പൂകിഞാൻ
ചിരസമരധാരയാൽ ജീവിതം പോക്കിഞാൻ
ചിതമുടയ ശാന്തിതൻ ചിത്തം ഹരിച്ചുഞാൻ
ഒരുനിമിഷമല്പവും വിശ്രമിച്ചീട്ടുവാൻ.
പുരുഗുണ നികേതമെ, മോഹിച്ചുമില്ലഞാൻ
അയി, വിജയ ദായികേ ! യപ്പണം ചെയ്യുകി-
ങ്ങലിവിനൊടെനിക്കുനിൻ സസ്നേഹമാലിക.

II

സിരകളില ലക്കോളിളക്കുന്ന തീക്ഷ്ണമാ-
മരിനിഹത ചിന്തയാൽ വെമ്പുന്നു ഹൃത്തടം.
അഭിനവനവങ്ങളമാമശ്വാഞ്ചകൾ-
ക്കപജയമണയ്ക്കുന്നതല്ലെൻെറ സംഗരം.
ചതുര രസപൂർണ്ണമഭിലാഷമായിരം
ചലദളികൾപോ, ലെന്നെ വട്ടം കറക്കവെ,
കടുരുധിരവാരിയിൽ കപ്പലോട്ടിക്കുവാൻ
കലിതകുതുകം ഞാനുണർന്നുപോയ് വത്സലെ,
അയുത, മയുതം നരച്ചെണ്ഡോര വീഴ്ത്തിയെ-
ന്നരികിലിതുമട്ടുഞാൻ നിർമ്മിച്ചു നിമ്നഗ !
അനുപമ യശസ്സിൻെറ യസ്ഥിഖണ്ഡങ്ങളാ-
ലതിലൊരു കളിത്തോണി യോടിച്ചു പോയിഞാൻ.
യുവതയുടെ യുന്മാദസമ്പത് പ്രഭവനാ-
യുഴറിയടരാടിനേ നെത്രയോവത്സരം ?
അരുളുകയെനിക്കു നിന്നാത്മാർത്ഥ ചിഹ്നമാ-
യരുമയൊടു നീ, തീർത്തോരപ്പുഷ്പ ശില്പകം.
പലരുമഭിലാഷങ്ങൾ കാട്ടുന്നുനിന്മനോ-
പരിണയരസംഹന്ത ! യേന്തിത്തുടിക്കുവാൻ
വിജയമയ രൂപികേ, വിസ്മരിക്കില്ലയേ
വിഭവപരിപൂർണ്ണമാം വിശ്വത്തിൽ നിന്നെഞാൻ !
വിനകളൊടു വീറടിച്ചെങ്കിലുമേററവും
വിനയപരിലോലനാ, ണിപ്പൊഴും ദേവി, ഞാൻ
മൃതിയരികിലെത്തിടും നാൾവരെക്കീവിധം
ഗതിതുടരുമായിരുന്നെങ്കിലും, നിർമ്മലെ,
ജവമിവനെ ജേതൃ സംപൂജ്യനാക്കി സ്വയം
ജയമധുര വല്ലികേ, വന്നുപോയല്ലി നീ,
കരുണയുടെ കാണിയുണ്ടെങ്കിലപ്പുഷ്പകം
കരളു് കുളിരും മാറെനിയ്ക്കു നൽകീടണേ !!..!!

## ആഴ്ചക്കുറിപ്പുകൾ

### ജർമ്മനിയിന്മേലുള്ള പിടുത്തം

ജർമ്മനിയിന്മേലുള്ള പിടുത്തം മുറുകിക്കൊണ്ടേ വരുന്നു; അതോടൊപ്പം യൂറോപ്യൻ സംഭവങ്ങൾ ഒന്നിനൊന്നു പിറകിലായി ത്വരിതഗതിയിൽ പാഞ്ഞുതുടങ്ങുകയും ചെയ്യുന്നു. റൈൻകരയിലുള്ള നഗരങ്ങളെല്ലാം അപ്രതിഹതമായ സഖ്യസൈന്യപ്രഹരത്താൽ തവിട്ടുപൊടിയായി. ഒരു സമരത്തിന്റെ ആവശ്യകതയില്ലാതെതന്നെ കോബ്ലൻസ് നഗരം വീണു. ഫ്രാങ്ക്ഫർട്ടിന്നെതിരായുള്ള ആക്രമണത്തിന്റെ പ്രാരംഭകൃത്യമെന്ന നിലയ്ക്കു മൂന്നാം അമേരിക്കൻ സേന ബിംഗൻ, മേയിൻസ് എന്നീ ഇടങ്ങളിലേക്ക് കുതിച്ചുകേറുന്നു. റഷ്യ, ബ്രിട്ടൻ, അമേരിക്ക എന്നീ ശക്തികൾ കിണഞ്ഞൊന്നു ആഞ്ഞുകുത്താൽ ജർമ്മൻ സൈന്യാധിപത്യം ശകലീകൃതമാകും.

ദിനംതോറും ജർമ്മനിന്മേൽ പൊഴിച്ചുവരുന്ന ബോംബുകൾ അവയുടെ ജോലി യഥാവിധി നടത്തുന്നുണ്ട്. സന്ദേശനിരകൾ റയിൽവെകൾ, പാലങ്ങൾ, യുദ്ധവ്യവസായങ്ങൾ, സൈനികശേഖരപ്പുരകൾ ഇവയെല്ലാം ദിനംതോറും വെന്തു വെണ്ണീറാവുന്നു.

### ബാംടിക് പ്രദേശത്തിലെ റഷ്യൻ വിജയങ്ങൾ

റഷ്യൻ സേനകളുടെ വസന്തകാലാക്രമണമെന്നു ഭാവി ചരിത്രകാരന്മാർ പറയാനിടയുള്ള ആ കൃത്യം തുടരുന്നതിന്നായി മാർഷൽ ഷുക്കോവും, റക്കോസ്സോവസ്കിയും, ആദ്യകൃത്യങ്ങൾ ചെയ്തു തീർത്തുവരുന്നു. ബാൾടിക് മിക്കവാറും റഷ്യക്കാരുടെ കയ്യിലായി. ബലാടൺ തടാകത്തിന്നടുത്തു വെച്ചുള്ള ശത്രുവിന്റെ പ്രത്യാക്രമണ സംരംഭം പരാജയപ്പെടുത്തി. ഈ സമരത്തിൽ ചുരുങ്ങിയതു 20,000 ജർമ്മൻകാർ നശിക്കുകയും 60 ടാങ്കുകൾ നശിപ്പിക്കപ്പെടുകയും ചെയ്തു. റഷ്യക്കാർ പടിഞ്ഞാട്ടു പോകുന്ന അവസരത്തിൽ, പ്രേഗിലേയ്ക്കും, വിയന്നയിലേക്കുമുള്ള പാതയെ ഈ വിജയം സുഗമമാക്കും.


### ആസന്നമായ വിജയത്തിലേക്കു ഒരു വീക്ഷണം


26 വർഷങ്ങൾക്കു മുമ്പുണ്ടായ കഴിഞ്ഞ വിജയത്തേക്കാൾ ലോകത്തിന്നു കൂടുതൽ യാഥാർത്ഥ്യബോധം ഉണ്ടായിട്ടുണ്ട്. യൂറോപ്പിനെ പുനരുദ്ധരിക്കുകയും പുനഃനിർമ്മാണം ചെയ്യുകയുമെന്നതു് ഒരു സുസാധ്യകൃത്യമല്ല. ലക്ഷക്കണക്കിലുള്ള ജനതകളുടെ ശകലീകൃതമായ മനോഭാവത്തെ വ്യക്തവും സുസ്ഥിരമാക്കുകയാണ് പുനഃസംവിധാനത്തിന്റെ ആദ്യകൃത്യം. യുദ്ധം ഹേതുവായിട്ടു ഇവരനുഭവിച്ച ദുരിതങ്ങൾ കുറച്ചൊന്നുമല്ല. "നാശീകരണവും ഭീകരതയും ലോകത്തെ അനവധി വർഷങ്ങളോളമായി ഭൂലോകത്തെ തരിശാക്കിയിട്ടുണ്ട്. ഇന്നു വരാനിരിക്കുന്ന വിജയം അതുകൊണ്ടു ഒരു വിമോചനമാണ്" ബ്രി: പ്രധാനമന്ത്രി ചർച്ചിലിന്റെ പ്രസ്താവന ഈ വെളിച്ചത്തിലൂടെ നോക്കുമ്പോൾ അത്യധികം സാർത്ഥമായി തോന്നുന്നു. നാസികളെ അവസാനിപ്പിച്ചാലും, പകുതി പണി കിടപ്പുണ്ട്. ജാപ്പുകളെ പരാജയപ്പെടുത്തൽ. ഈ വിക്രമം പിടിച്ച കൃത്യങ്ങളിൽ ഓരോററ ദേശത്തിന്നും ഒററതിരിഞ്ഞു നിൽക്കാൻ സാധ്യമല്ല.

### സാൻഫ്രാൻസിസ്കോ സമ്മേളനം അമേരിക്കക്കാരുടെ ഉത്സാഹം

സാൻഫ്രാൻസിസ്കോ സമ്മേളനം ചരിത്രപ്രധാനമായ ഒരു സംഭവമായിരിക്കും. അമേരിക്കക്കാർ അതുകൊണ്ടായിരിക്കണം ഇതിൽ അത്രമാത്രം ആവേശവും ആദരവും കാണിക്കുന്നതു്.

## ലോകമഹായുദ്ധം ഇങ്ങിനെ കാണുക




യുണൈററഡ് സ്റ്റേററ്സ്സിൽ നാടെങ്ങും യോഗങ്ങൾകൂടി ഡമ്പാർട്ടൻ ഓക്സ് പ്രസ്താവനകളെക്കുറിച്ചു സൂക്ഷ്മമായി ആലോചിച്ചുവരുന്നു. വിദ്യാർത്ഥികൾ ആ യോഗങ്ങളിൽ തിക്കിത്തിരക്കി വന്നു പങ്കെടുക്കുന്നുവത്രേ. മഹിളകൾക്കു ഇതിനെപ്പററിയുള്ള അഭിപ്രായം മിസിസ് റൂസ്‌വെൽട്ട് മാർച്ച് 10-ാം തിയ്യതി ഇങ്ങിനെ എഴുതിയിരിക്കുന്നതിൽനിന്നു വ്യക്തമാകുന്നുണ്ട്. "ഒരു ലോക സംഘടന സൃഷ്ടിക്കുന്നതിന്നുള്ള സംരംഭത്തിലേർപ്പെടുമ്പോൾ, വിവിധ ജാതിക്കാരും, ദേശക്കാരുമായ ജനങ്ങളുമായി ഇടപ്പെടുകയാണ് നാമെന്നു ഓർമ്മിക്കേണ്ടതുണ്ട്."

### ഇവോജിമയിലെ വിജയം

ഇവോജിമയിലെ സമരങ്ങൾ പ്രഖ്യാതങ്ങളാണ്. അത്ര കടുത്ത ഒരു ജോലിയാണ്, അമേരിക്കൻ ഭടന്മാർ ആ കൊച്ചു ദ്വീപിൽ നിർവ്വഹിച്ചിട്ടുള്ളതു്. അഡ്മിറൽ നിമിററ്സ് ആ വീരന്മാരെ ഇങ്ങിനെ അഭിനന്ദിക്കുന്നു "നിങ്ങൾ ഇവോജിമ കൈപ്പററുന്നതിൽ കാണിച്ച വീരകൃത്യവും ത്യാഗവും അളവററതത്രേ. ഇന്നു് നിങ്ങളുടെ നാട്ടുകാർ നിങ്ങളുടെ അവദാനങ്ങൾ ആലോചിച്ചുവരുന്നു." അമേരിക്കക്കാർമാത്രം ലോകം മുഴുവനും തന്നെ അവരെ പുകഴ്ത്തുന്നുണ്ടെന്നു പറഞ്ഞാൽ അതിലത്ര തെററില്ല. ആ യുദ്ധത്തിൽ അമേരിക്കൻ ഭടന്മാർ 47,189 പേർ കൊല്ലപ്പെട്ടു; 15,308 പേർക്ക് മുറിപ്പെട്ടു; 451 പേരെ കാണാതായി. ജാപ്പാൻകാർക്കു പററിയ ആൾനഷ്ടം എത്രയാണെന്നു ശരിയായ കണക്കില്ല. എങ്കിലും സുമാർ 20,000 പേരുണ്ടെന്നു അനുമാനിക്കപ്പെടുന്നു. ഈ ദ്വീപിലെ വിജയം വളരെ പ്രധാനമാണ്. ജാപ്പു ദ്വീപുകളെ ആക്രമിക്കുന്നതിന്നു കൂടുതൽ ഒരു താവളവും കൂടി അമേരിക്കൻ ഭടന്മാർ പിടിച്ചെടുത്തു.

### ഫിലിപ്പൈൻ യുദ്ധത്തിന്റെ അന്ത്യദശ.

ഫിലിപ്പൈൻ യുദ്ധത്തിൽ, ഇക്കഴിഞ്ഞ 5 മാസത്തോളമായി 282,000 ജാപ്പുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. അതേസമയത്തു് 18,579 പേർ അമേരിക്കൻ സേനകൾക്കും നഷ്ടമുണ്ട്. ജാപ്പുകൾക്കു പററിയ ഈ വമ്പിച്ച നാശം–സഖ്യസേനകളുടേതിനേക്കാൾ 10 ഇരട്ടി–കാണിക്കുന്നതു് ആ ദ്വീപുസമൂഹങ്ങളിൽ ഇനി വളരെക്കുറച്ചു ജാപ്പുകൾ മാത്രമേയുള്ളുവെന്നതാണ്. മിണ്ടാനോ, പലവൻ, എന്നീയിടങ്ങളിലുണ്ടായ പടയിറക്കം ബോർണ്ണിയോ ദ്വീപിനെ കരസ്ഥമാക്കുന്നതിന്നു വളരെ ഉപയോഗപ്പെടുന്നതാണ്. ബോർണ്ണിയോ അസംസ്കൃത സാമഗ്രികളുടെ ഒരു വമ്പിച്ചകലവറയാണ്.

### ആസ്ത്രേലിയക്കുള്ള സ്ഥാനം.

ആസ്ത്രേല്യ, പാസഫിക് സമരത്തിൽ ഒരു ഗണ്യമായ പങ്കാണ് നിർവ്വഹിച്ചിരിക്കുന്നതു്. ബ്രി. പാസഫിക് കടൽസേന ചെയ്ത പ്രവർത്തനങ്ങൾക്കുവേണ്ട സകല വിധ സഹായങ്ങളും, സഹകരണങ്ങളും അവർ നൽകിയിരിക്കുന്നു. സോളമൺ, ബിസ്മാർക്ക് എന്നീ ദ്വീപുസമൂഹങ്ങൾ പിടിച്ചു പററുന്നതിലും മററും ആസ്ത്രേല്യക്കാർ വളരെയധികം ത്യാഗം ചെയ്തിട്ടുണ്ട്. സോളമൺ ദ്വീപുകളിലെ ഏററവും വലിയ ബോഗെൻവില്ലേ ദ്വീപിന്റെ കാൽഭാഗവും ഇപ്പോൾ ആസ്ത്രേല്യക്കാരുടെ വരുതിയിലാണ്. എന്നാലും 15,000 ജാപ്പുകൾ ഇനിയും അവിടെയുണ്ട്. അവരെ നശിപ്പിക്കയോ, കീഴടക്കുകയോ ചെയ്യേണ്ടിയിരിക്കുന്നു. അന്നാട്ടുകാർ ഈ സംരംഭത്തിൽ സഖ്യശക്തികളെ ഉള്ളഴിഞ്ഞു സഹായിച്ചതായി പറയപ്പെട്ടുവരുന്നു.

നിശബ്ദമായ അഗ്നിപർവ്വതത്തിന്റെ മുകളിൽ ആളുകൾ ചിലപ്പോൾ ചവിട്ടിക്കയറുന്നു!

# സമരകവി

"അക്രമി ജപ്പാൻ കൊള്ളക്കാരെ ചുട്ടുകരിച്ചീടാൻ,
തോക്കുകൾ തോളിൽ വഹിച്ചു നടക്കും തോഴന്മാരീവീരന്മാർ:"

എന്ന സമരഗാനം പാടിക്കൊണ്ടു് രണ്ടു ഭടന്മാരും പോവുകയായിരുന്നു. അവർക്കപ്പോഴുള്ള ആവേശം എത്രമാത്രമാണെന്നു പറഞ്ഞറിയിപ്പാൻ പ്രയാസം. ഫാസിസ്റ്റുകളെല്ലാം അവരുടെ മുമ്പിൽവന്നാൽ ഒരൊററ ഉണ്ടയ്ക്കു് അവർ നശിപ്പിക്കുമായിരുന്നേനെ! അവർ വീണ്ടും വീണ്ടും പാടി; വളരെ ഉച്ചത്തിൽപാടി. റോട്ടിന്നരികിലുള്ള പലരും അവരെ സമീപിച്ചു; പ്രോത്സാഹിപ്പിച്ചു. "ജാപ്പുഭൂതം നശിയ്ക്കട്ടെ!" ഒരു കൂട്ടം യുവാക്കൾ ഈ മുദ്രാവാക്യം ഉച്ചരിച്ചുകൊണ്ടു് അവരുടെ പാട്ടിന്നു താളം പിടിച്ചു.

"നമ്മുടെ നാടിതു ഭാരതമേദിനി, പാവനമാം രാജ്യം,
തിന്മകൾ തന്നിരയാവാൻ പാടില്ലേതൊരു കാലത്തും."

വീണ്ടും അവർ ഗാനമാലാപിച്ചു. "ഭാരതമാതാ കീ ജേയ്" ഇങ്ങിനെ ജേയ്‌വിളിഘോഷംകൊണ്ടു് അവിടമെങ്ങും മുഖരിതമായി. കൊച്ചുകുട്ടികൾ അവരുടെ സ്വാന്തഭാഷയിൽ അതേററുപാടാനാരംഭിച്ചു. ആ നഗരത്തിന്റെ അന്തരീക്ഷത്തിലെല്ലാം തന്നെ ഈ ഗാനലഹരി അലയടിച്ചു.

"പുതുവർഷത്തിൻ പൂൺമയിൽ നമ്മൾ പൂരിത സന്തോഷം
കുതികൊണ്ടാർത്തു കുതിച്ചു ഗമിക്കുക പോർക്കളമെത്തീടാൻ."

പുതിയപുതിയ വികാരങ്ങൾ വിതറിക്കൊണ്ടു ആ ഗായകന്മാർ പാടി. നിശബ്ദത; വികാരാവേശഭരിതമായ ജനസഞ്ചയത്തിന്റെ ഹൃദയത്തുടിപ്പുകൾമാത്രം!

ആയാൾക്കെന്നിട്ടും ഒരു ഭാവഭേദവുമുണ്ടായില്ല. ഒടുവിൽ ആ ഗായകന്മാർ അയാളെ സമീപിച്ചു ചോദിച്ചു, "നിങ്ങൾ എന്താണ് ഒരു മൺപുററുപോലെ മന്ദനായിരിക്കുന്നതു്?"

"ഞാനെന്തുവേണം?" ലേശം പരിഭ്രമത്തോടെ ആ കുറിയ മനുഷ്യൻ അന്വേഷിച്ചു. "ഞാൻ എന്തുചെയ്യേണമെന്നാണ് നിങ്ങൾ പറയുന്നതു്?"

അവർ രണ്ടുപേരും പൊട്ടിച്ചിരിച്ചു; സമീപസ്ഥരായ ജനങ്ങളും അവരുടെ കൂടെചേർന്നു് ഒടുവിൽ അവർ സംഗതി വ്യക്തമാക്കി "ഹേ മനുഷ്യാ! ഈ പാട്ടൊക്കെ കേട്ടിട്ടും നിങ്ങൾക്കു സംഗതി മനസ്സിലായില്ല? നിങ്ങൾ ബധിരനല്ലെന്നു വിശ്വസിക്കുന്നു."

"രാമായണം മുഴുവനും വായിച്ചു രാമനും സീതയും തമ്മിലെന്താണ് ബന്ധം എന്നു ചോദിക്കുന്ന പോലെയാണ് ഇയാളുടെ ചോദ്യം." വായിൽ പല്ലില്ലെങ്കിലും ബുദ്ധിമുട്ടിക്കൊണ്ടു് ആ വ്യാപാരിയും ഒരു തമാശ തട്ടിമൂളിച്ചു.

എന്നിട്ടും ആയാൾക്കു് ഒരു ഭാവവ്യത്യാസമുണ്ടായില്ല. എല്ലാവരും അമ്പരന്നു. ചിലർക്ക് ഒരു സംശയം തോന്നി "അല്ലാ ഇയാളൊരു അഞ്ചാംപത്തിക്കാരനായിരിക്കുമോ?" ചുരുക്കത്തിൽ, അവിടെ കൂടിയിരിക്കുന്നവർക്കെല്ലാം തന്നെ കലശലായ ശുണ്ഠി പിടിച്ചു. ആ തെണ്ടി പയ്യൻ ആയാളുടെ തലപിടിച്ചു കുലുക്കി "സാറെ?" അവൻ ചോദിച്ചു. ആയാൾ ചിരിച്ചു. ആളുകൾ മുഖത്തോടുമുഖം നോക്കി! അവർക്കൊരതിശയം!

ഒടുവിൽ ഒരു ഭടൻ കൂസലൊന്നുംകൂടാതെ ആയാളോടു തുറന്നു ചോദിച്ചു, "മിസ്റ്റർ, നിങ്ങൾ ആ സമരഗാനം കേട്ടില്ലെ?"

"ഉവ്വ്" ആയാൾ ഉത്തരം പറഞ്ഞു.

"നിങ്ങൾക്കു യാതൊരു വികാരവുമുണ്ടായില്ലെ?" ഉദ്വേഗത്തോടെ പട്ടാളക്കാരൻ വീണ്ടും ചോദ്യമാവർത്തിച്ചു.

"ഇല്ല"

"ഇല്ല?" എല്ലാവരും ആശ്ചര്യത്തോടുകൂടി ഈ വാക്ക് ഉരുവിട്ടു.

"ഇല്ല!" ആയാൾ വ്യക്തമാക്കി, "ബിംബം കൊത്തുന്ന ആൾ വിഗ്രഹത്തെ ഈശ്വരനായി കരുതുകയില്ല!"

"മൂപ്പരൊരു വേദാന്തിയാണ്" ആളുകൾ അപഹസിക്കാൻ തുടങ്ങി.

ആ മനുഷ്യന്നു അസഹ്യത തോന്നി. എന്തൊരു തൊന്തരവ്! "ഞാൻ വേദാന്തിയുമൊന്നുമല്ല." ആയാൾ ചൊടിച്ചുകൊണ്ടു് പറഞ്ഞു "ഞാനാണു ആ സമരഗാനം എഴുതിയതു്. നിങ്ങൾ പാടുന്നതുകേട്ടു. പക്ഷെ എനിക്കാവേശമുണ്ടായില്ല. ഞാൻ പറഞ്ഞില്ലെ, ബിംബം കൊത്തുന്ന ആൾ വിഗ്രഹാരാധകനല്ലെന്ന്."

"ക്ഷമിക്കണം" പലരും ആയാളോടു കെഞ്ചി അറിയാതെവന്ന അബദ്ധമാണ്.

"സാരമില്ല." ആയാൾ എല്ലാവരേയും സമാധാനിപ്പിച്ചു. "സമരഗായകൻ" ആളുകൾ മന്ത്രിച്ചുതുടങ്ങി!

## പൊരുതുക!

(പി. കെ. കുഞ്ഞിരാമൻ പണിക്കർ.)

(ഉപസർപ്പിണി).

അടിപിഴയ്ക്കാതെ,ണ്ണി മുറിഞ്ഞിടാതെ
പടതുടരുക, പോരാളി വീര, നീ,
നിമിഷനേരവും വൈരിയ്ക്കുവിശ്രമ-
സമയമേകാതെ, യാമയമെന്നിയേ!
കുതി കുതിച്ചുവരട്ടേ കൊതിയന്മാർ
ചതികൾ ചിന്തിച്ചു ചിന്തിച്ചു ജാപ്പുകൾ;
വിഷമയമായ പത്തി വിടുർത്തുകൊ-
ണ്ടുഴറിയെത്തട്ടെയക്കാളസർപ്പങ്ങൾ.
അണുവുമാശ നശിയ്ക്കാതെ ധീരനാ-
യണിയിൽനിന്നു നിവർന്നു പോരാടണം.
അവിടെ നോക്കു, നീ കേൾപ്പിലെ ഭാവിതൻ
കവിതയാളും കളകള കൂജിതം?
"വിജയവേള വിളിക്കുന്നു നിങ്ങളെ
രുജകലരാതെയങ്ങോട്ടു ചെല്ലുവിൻ!"
മധുരമോഹനമാകുമീയാഹ്വാനം
മുദിത മുന്മോദദായകനിസ്വനം
വിരവിലാരണ വീഥിയിലെമ്പാടും
തിരയടിക്കുന്നു തോക്കിൻ തിരകളിൽ!
ചുവടുതെററാതെ ചിത്തം പതയ്ക്കാതെ
ചുണയൊടിന്നു തുടരണം നീരണം.
പെരിയ കാടുകൾ, തോടുകൾ, മേടുകൾ
കരകൾ കാണാത്തതായ കടലുകൾ,
നിരവധി ദൂരെ നീലയാം നീരദ-
നിരകൾ നീളെ നിറയും നഭസ്ഥലം,
ഇവ സകലവും പിന്നിട്ടു മുന്നോട്ടായ്
ഭുവനസീമനി ഭവ്യനായ് പോക നീ!
രണമഖിലം കഴിഞ്ഞൊഴിഞ്ഞന്ത്യമായ്
നിണനദി നീന്തി നീയിങ്ങണയവേ,
പുതിയ ലോകമതിൻ ചക്ഷുകങ്ങളിൽ,
നിറയെയാനന്ദം മന്ത്രിച്ചാറുമായ്,
അരുളുമെങ്ങും നിനക്കുസൽസ്വാഗതം;
പൊരുതണമിന്നതിന്നു നീ വീരനായ്!

വ്ലാഡ്മീർ ക്ഷിബെയേവ് എഴുതുന്നു : മറുനാടൻ സന്ദർശകന്മാരെ അമ്പരപ്പിച്ചിട്ടുള്ള ഒന്നാണ് ഇന്ത്യയിലെ

# പത്രസ്വാതന്ത്ര്യം

[" ഇന്ത്യയിൽ പത്രസ്വാതന്ത്ര്യമില്ലെ "ന്നുള്ള പിറുപിറുക്കലും, കൊട്ടിഘോഷിക്കലും ധാരാളമായി പല കേന്ദ്രങ്ങളിൽനിന്നും കേട്ടുവരുന്നു. എന്നാൽ ഇന്ത്യ സന്ദർശിക്കുന്ന വിദേശീയർക്ക്—അവരുടെ മനസ്സാക്ഷിയെ ചോദ്യം ചെയ്യുന്നതു് വിഡ്ഢിത്തമാണ്—നേരെ മറിച്ചാണ് അനുഭവപ്പെടുന്നതു്. ഡൽഹിയിൽനിന്നു ടാസ്സ് ഏജൻസി പ്രസിദ്ധപ്പെടുത്തിവരുന്ന " സോവിയററ് യൂനിയൻ ന്യൂസ് " എന്ന മാസികയുടെ ഫെബ്രുവരി ലക്കത്തിലെഴുതിയിട്ടുള്ള മുഖപ്രസംഗമാണ് താഴെ കൊടുക്കുന്നതു്. "]

കഴിഞ്ഞ 3½ കൊല്ലങ്ങളോളമായി ഇന്ത്യ സന്ദർശിച്ചിട്ടുള്ള സോവിയററു പൌരന്മാരിൽ പലരും അതിന്നുമുമ്പ് സ്വന്ത രാജ്യത്തിന്നു പുറത്തു് കാലെടുത്തു വെക്കാത്തവരാണ്. അവർ പല തുറകളിലും, അതായതു്, വിദ്യാഭ്യാസം, സാങ്കേതികവിജ്ഞാനം എന്നീ തുറകളിൽ, പ്രത്യേക നൈപുണ്യമുള്ളവരാണ്. സോവിയററ് യൂനിയനും, മററു രാജ്യങ്ങളുമായി ആശയപരമായി വളരെ അകൽച്ചയും വ്യത്യാസവുമുണ്ടെങ്കിലും, ഈ വ്യത്യാസങ്ങളെ അഭിമുഖമായി നോക്കിക്കാണുമ്പോൾ അവക്കുണ്ടായ അൽഭുതത്തെ അവക്കു മറച്ചുവെക്കാൻ സാധിച്ചിട്ടില്ല.

മുതലാളി സമുദായത്തിലെ സമ്പ്രദായങ്ങളിൽ വെച്ചു്, സോവിയററ് പൌരന്മാരെ അത്യധികം അമ്പരപ്പിച്ചതു് പത്രപ്രവർത്തനത്തിന്റെ മട്ടും മാതിരിയുമാണ്. റഷ്യയിൽ സ്വകാര്യ ഉടമയിൽ ഒരു പത്രമോ, മാസികയോ ഇല്ലെന്നുള്ളതു് പരക്കെ അറിവുള്ള ഒരു സംഗതിയാണ്. അവിടത്തെ പത്രങ്ങളിൽ ധാരാളം വ്യക്തിപരങ്ങളായ വീക്ഷണഗതികളും അഭിപ്രായഗതികളും പ്രസിദ്ധപ്പെടുത്തിവരുന്നുണ്ടു്. എന്നാൽ ഗവർമ്മേണ്ടിനെ പത്രപംക്തികൾ എതൃക്കുക എന്നതു് സോവിയററ് പൌരന്നു ആലോചിക്കാൻകൂടി വയ്യാത്ത ഒന്നത്രേ. ഏഷ്യയിലും, യൂറോപ്പിലും ഉള്ള ചില രാജ്യങ്ങളിൽ കാണുന്ന കട്ടത്ത നിയന്ത്രണവും, സോവിയററു നാട്ടിലെ സ്റ്റേററു നിയന്ത്രണവും തമ്മിൽ വ്യത്യാസമുണ്ടു്. മററു ചില രാഷ്ട്രങ്ങളിൽ പത്രങ്ങളിന്മേലും ഗവർമ്മേണ്ടു നിയന്ത്രണം നടപ്പാക്കിയിട്ടുണ്ടു്. എന്നാൽ പല വിധത്തിലുമായി അവയ്ക്കെതിരായ എതൃപ്പുകൾ പുറപ്പെട്ടിട്ടുമുണ്ടു്. ആ പത്രങ്ങൾ സ്വന്ത രാജ്യത്തിലെ ജനങ്ങളേയും അതേപോലെ അന്യരാജ്യക്കാരേയും മഠയന്മാരാക്കുന്നതിന്നു ശ്രമിച്ചുവരുന്നു. കുറേയൊക്കെ അവരതിൽ ജയിച്ചിട്ടുമുണ്ടു്. സോവിയററ് പത്രങ്ങൾ ആരേയും വിഡ്ഢിയാക്കുന്നതിന്നു് ഒരുമ്പെടുന്നില്ല. എന്നാൽ നിലവിലുള്ള ഭരണകൂടത്തെയോ രാഷ്ട്രീയകക്ഷികളേയോ അന്യോന്യം വിരോധപ്പെടുത്തുന്നതിന്നു അതേസമയത്തു ശ്രമിക്കുന്നുമില്ല. യുദ്ധത്തിന്നു മുമ്പ് സോവിയററു പത്രങ്ങൾ ജനങ്ങളെ ഉൽബോധിപ്പിക്കുന്നതിന്നും, ഉല്ലസിപ്പിക്കുന്നതിന്നുമായിരുന്നു ശ്രമിച്ചുവന്നിരുന്നതു്. ഈ വ്യക്തിയേയോ, ആ രാഷ്ട്രീയാഭിപ്രായത്തേയോ, വലുതാക്കിപ്പറയാൻ ഉദ്യമിക്കാതെ, സോവിയററ് രാഷ്ട്രം ശ്രമിച്ചുവന്നിരുന്ന മഹനീയമായ പരിശ്രമങ്ങളിൽ പരാജയം വരുത്തുന്ന സ്ഥാപനങ്ങളേയും വ്യക്തികളെയും അവകളിൽ കഠിനമായി വിമർശിച്ചുവരാറുണ്ടു്. അന്യരാജ്യങ്ങളുടെ നയങ്ങളെപററിയുള്ള നിരൂപണം തന്നെ സോവിയററു യൂനിയനിലെ ജനങ്ങൾ ജാഗ്രതയിൽ വർത്തിക്കണമെന്നുള്ള ഒരു മുന്നറിയിപ്പും താക്കീതുമായിരുന്നു.

പാശ്ചാത്യജനകീയരാഷ്ട്രങ്ങളിൽ പത്രങ്ങൾ വിവിധദശകൾ തരണം ചെയ്തിട്ടുണ്ടു്. വെറും നാടൻ വെടിപറച്ചിലുകൾ, കക്ഷികളേയും വ്യക്തികളേയും വമ്പിച്ച രീതിയിൽ എതൃക്കൽ, ഇങ്ങിനെ പലതും അക്കൂട്ടത്തിൽ ഉൾപ്പെടും. ഉദാഹരണമായി ബ്രിട്ടനിലെ സംസ്ഥാന പത്രങ്ങൾ വാസ്തവത്തേയും അനന്തരഫലങ്ങളേയും ആലോചിക്കാതെ വ്യക്തികളെ വിമർശിച്ചുവന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. ഈ സംരംഭങ്ങൾക്കു് സാധാരണമായി പണസഹായം ചെയ്തിരുന്നതു്, വ്യക്തിവിദ്വേഷം, കുശുമ്പ്, കുനിഷ്ടു് എന്നീ ദുർവ്വികാരങ്ങൾ തിങ്ങിയ ചില പണക്കാരായിരുന്നു. ഇംഗ്ലണ്ടിൽ ഇപ്പോൾ പുതിയ പ്രചാരം സിദ്ധിച്ചുവരുന്ന അന്തോണി ട്രോളോപ്പിന്റെ നോവലുകളിൽ ഈ ദശയെപ്പററിയുള്ള വിവരണങ്ങൾ കാണാവുന്നതാണ്. ഇവയിലൊന്നിൽ " എല്ലാവരുടെയും ഉദ്യോഗം " എന്ന പേരുള്ള ഒരു മാസികയെപ്പററി ട്രോളിപ്പ് പറയുന്നുണ്ടു്. ഈ പേരിൽനിന്നുതന്നെ, ഒരു പത്രത്തിന്റെയൊ, മാസികയുടെയൊ അധിപക്കു തനിക്കറിയാത്തതും ആവശ്യമില്ലാത്തതുമായ കാര്യങ്ങളിലെല്ലാം ചെന്നു കയ്യിടാനും കയ്കാര്യം നടത്തുവാനും അധികാരമുണ്ടെന്ന അഭിപ്രായം അന്തർലയിച്ചു കിടക്കുന്നുണ്ടു്. ബ്രിട്ടനിലേയും അമേരിക്കയിലേയും പത്രങ്ങളിൽനിന്നു് ഇന്നും ഈ സ്വഭാവം തികച്ചു വിട്ടുപോയിട്ടുണ്ടെന്നു പറഞ്ഞുകൂടാ. സ്വന്തവും, വാണിജ്യപരവും, കക്ഷിസംബന്ധവുമായ ഗണനകൾവെച്ചു് പല പ്രസിദ്ധ ലേഖകന്മാരും, തങ്ങൾ തികച്ചും ആത്മാർത്ഥതയോടെയാണ് എഴുതുന്നതെന്നു ബഹുജനങ്ങളെ ബോദ്ധ്യപ്പെടുത്തി വിദഗ്ദ്ധതയോടെ, പത്രങ്ങളിലൂടെ പ്രചാരം ചെയ്യുവരാറുണ്ടു്.

മദ്ധ്യപൌരസ്ത്യ ദേശങ്ങളിലെ പത്രങ്ങൾക്കു് പല പരിണാമങ്ങളും വന്നിട്ടുണ്ടു്. 1941 വരെ ഇറാനിൽ നിലവിൽ പത്രങ്ങളിന്മേലുണ്ടായിരുന്ന സ്റ്റേററു നിയന്ത്രണം കട്ടത്തതായിരുന്നു. ആ നിയന്ത്രണം എടുത്തുകളഞ്ഞപ്പോൾ, പല അഭിപ്രായഗതികളും പുറത്തുചാടി, നിന്ദയിലും സ്തുതിയിലുമൊക്കെ ഈടുപെടുവാൻ തുടങ്ങി. അഫ്ഘാനിസ്ഥാനിലും സ്റ്റേററുനിയന്ത്രണമുണ്ടു്. എങ്കിലും അല്പാല്പമായി ജനങ്ങൾക്കു് ശരിയായ വിവരങ്ങൾ നൽകുന്നതിന്നുള്ള ആശയങ്ങൾ അവിടങ്ങളിൽ ഉദിച്ചുവരുന്നുണ്ടു്.

ഇന്ത്യൻ പത്രങ്ങൾ ബ്രിട്ടീഷ് പത്രങ്ങളെയാണ് മിക്കവാറും മാതൃകയാക്കിയിട്ടുള്ളതു്. ഇന്ത്യക്കാർ നടത്തിവരുന്ന പല പത്രങ്ങളും അതിന്റെ കെട്ടിലും, മട്ടിലും, മാതിരിയിലും ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും മികച്ച പത്രങ്ങളോടൊപ്പം കിടപിടിക്കാവുന്നവയാണ്. കക്ഷിസംബന്ധവും, വ്യക്തിപരവുമായ മററു പത്രങ്ങളുമുണ്ടു്. അവ ഹ്രസ്വാദൃക്കുകളായിരിക്കാം. എങ്കിലും വാർത്താചിത്രീകരണത്തിലും, പൊതുകാര്യപ്രതിപാദനത്തിലും, അവയിൽ പലതും മുന്നിട്ടുനിൽക്കുന്നുണ്ടു്. എന്നാൽ അവയിലൊന്നുംതന്നെ സോവിയററ് റഷ്യയിലെ ഏതൊരു പത്രവുമായും ഉപമിക്കാൻ വയ്യ. മദ്ധ്യപൌരസ്ത്യ രാഷ്ട്രങ്ങളിലെ പത്രങ്ങളായിട്ടും ഇന്ത്യൻ പത്രങ്ങൾക്കു് യാതൊരു സാമ്യവുമില്ല. ഈ രണ്ടു പ്രദേശങ്ങളിൽനിന്നും വരുന്ന സന്ദർശകന്മാർ ഇന്ത്യയിൽ പത്രങ്ങൾക്കു അനുവദിച്ചിട്ടുള്ള സ്വാതന്ത്ര്യം, സകല ഗവർമ്മേണ്ടു സ്ഥാപനങ്ങളേയും ചീത്ത പറയുന്നതിന്നും, മാത്രമല്ല എല്ലാ തുറകളിലുമുള്ള ആളുകൾക്കെതിരായിട്ടു് ആക്ഷേപങ്ങൾ പുറപ്പെടുവിക്കുന്നതിന്നും നീചമായ ഭാഷയിൽ ദുഷിക്കുന്നതിന്നും കൂടിയുള്ള സ്വാതന്ത്ര്യം കണ്ടു് അമ്പരന്നുപോയിട്ടുണ്ടു്. ചില റഷ്യക്കാരും മററു ചില വിദേശീയരും ഇന്ത്യയിൽ പത്രങ്ങൾക്കു് അനുവദിച്ച ഈ സ്വാതന്ത്ര്യം ബ്രിട്ടീഷുകാരുടെയിടയില്ലുള്ള ഒരു ആലോചനക്കുറവാണെന്നുകൂടി വിചാരിക്കുന്നുണ്ടു്. കാരണം, എന്തുതന്നെയായാലും ശരി, ലോകത്തിലെ മറേറതൊരു രാജ്യത്തിലുമില്ലാത്തത്ര സ്വാതന്ത്ര്യം ഇന്ത്യൻ പത്രങ്ങൾക്കുണ്ടു്. ഇന്ത്യയിൽ യാതൊരു സ്വാതന്ത്ര്യവുമില്ലെന്നു പറയുന്നതു്, ഞങ്ങൾക്കു വിശ്വസിക്കാൻ നിവൃത്തിയില്ല.

സോവിയററ് ആശയഗതിയിൽ വിശ്വസിക്കാത്തവർ ഒരു പക്ഷെ, വ്യക്തികളുടെ അഭിപ്രായങ്ങൾക്കു് ഗണനനൽകാത്തതിൽ ഒരു രുചിക്കുറവു കാൺമാനിടയുണ്ടു്. അവക്കിടയിലിന്നുള്ള പത്രങ്ങൾ വായിച്ചിട്ടുള്ള തഴക്കമാണ് അവക്കുള്ളതു്. ഒരു വ്യക്തമായ ആദർശത്തോടുകൂടി, സ്വതന്ത്ര ചിന്തകൾക്കു് സ്ഥാനം നല്കികൊണ്ടുള്ള ഒരു സ്റ്റേററു നിയന്ത്രണത്തിലുള്ള പത്രമാണ്, സ്വതന്ത്രചിന്തയും, ആക്ഷേപങ്ങളും, അപവാദങ്ങളും, കക്ഷിമത്സരങ്ങളും, പരപരിശ്രമങ്ങളെ പരാജയപ്പെടുത്തുന്നതിന്നുള്ള സൂത്രങ്ങളും പ്രസിദ്ധീകരിച്ചുവരുന്ന പത്രങ്ങളെക്കാൾ നല്ലതെന്ന വിശ്വാസം ഇന്നു പലരിലുമുണ്ടു്. പാശ്ചാത്യ ജനകീയ രാഷ്ട്രങ്ങളിലെ സ്വതന്ത്ര പത്രങ്ങൾ കൂടുതൽ ഉത്തരവാദവും യുക്തിയും നിറഞ്ഞ ഒരു നയം കൈക്കൊള്ളുന്നുണ്ടെന്നതിന്നുള്ള അടയാളങ്ങൾ കാൺമാനുണ്ടു്. അതേമാതിരിതന്നെ മറുനാട്ടുകാരായ വായനക്കാർക്കു് മരവിച്ചതായി തോന്നിയിരുന്ന സോവിയററ് പത്രങ്ങൾ ഇപ്പോൾ കൂടുതൽ വ്യക്തിപരവും രസകരവുമായി മാറിവരുന്നുമുണ്ടു്. ഈ രണ്ടു സമ്പ്രദായത്തിന്റെ മദ്ധ്യത്തിലുള്ള ഒരു രീതിയാണ് ആദരണീയവും ആദർശപരവുമായിട്ടുള്ളതു്.

## ഏതാനും നിമിഷങ്ങൾ

(പി. എസ്. നീലകണ്ഠ ശർമ്മ, ബോംബെ.)

I

ഏതാനും നിമിഷങ്ങൾ-
മാത്രമേ ശേഷിപ്പുള്ളൂ,
വേഗത്തിൽ വിസ്തീർണ്ണമായ്
തീർക്കുക കുഴികളെ.
മരണക്കൊടുംകോലം
കൊണ്ടൊരാ ഫാസിസ്റ്റുകൾ
മരിക്കും മുമ്പെതന്നെ
വീഴട്ടേ കുഴികളിൽ!
പാടില്ലാപ്പതിതർക്കായ്
ദാക്ഷിണ്യലേശംപോലും;
പാടില്ലാശ്ശവങ്ങളെ
ക്കൂടിനാം നീണ്ടിപ്പോകാൻ!

II

ഏതാനും നിമിഷങ്ങൾ
മാത്രമേ ശേഷിപ്പുള്ളൂ
ഭൂതലത്തിങ്കൽ നിന്നി
ദ്ദുഷ്ടിനം മറയുവാൻ.
കരുണയ്ക്കിടമെങ്ങോ!
കശ്മലർ പ്രവർത്തിച്ച
കടുങ്കയ്യുകളിന്നും
സാക്ഷിയായ് നിന്നീടവേ?
ജ്യേഷ്ഠരെ, പൈതങ്ങളെ,
സ്ത്രീകളെ, മനുഷ്യതാ-
ഭൂതിയെ സർവ്വസ്വവും
ഹാ, കഷ്ടം നശിപ്പിയ്ക്കെ,
കരുണയ്ക്കിടമെങ്ങോ,
കാട്ടാളവർഗ്ഗത്തിന്നു
മരണക്കുഴി തന്നെ-
യോതട്ടേ സമാധാനം!
നരകം കൂടിത്തന്നെ
കാക്കിച്ചു തുപ്പീടുമാ-
നരസംഹാര കൃത്യം,
ഫാസിസം മറയുവാൻ,
മന്നിലാ സമാധാന
ലക്ഷ്മിതൻ മുഗ്ദ്ധസ്മിത
ച്ചന്ദനച്ചാറെങ്ങെങ്ങും
സൌന്ദര്യം പുലർത്തുവാൻ,
ഏതാനും നിമേഷങ്ങൾ
മാത്രമേ ശേഷിപ്പുള്ളൂ,
കാര്യം കലരാതെ
പോകനാം പുരോഭാഗം!

# ചിരിയും ചിന്തയും

പിറന്നാൾ സമ്മാനം.—സൗദാമിനി തന്റെ തോഴിയായ, വക്കീലിന്റെ ഭാര്യയോടു ചോദിച്ചു, "അല്ല, നിങ്ങൾ ഭർത്താവിന്നു ഇക്കൊല്ലം പിറന്നാൾ സമ്മാനം നല്കാനുദ്ദേശിക്കുന്നതെന്താണ്?

"ഓ! അതോ" സുധ മറുപടി പറഞ്ഞു "നൂറു സിഗരററുകൾ"

"എന്താവും അതിന്നു വില ?"

"ഒന്നുമില്ല. കഴിഞ്ഞ കുറച്ചു മാസങ്ങളോളമായി, അദ്ദേഹത്തിന്റെ സിഗരററു ടിന്നിൽനിന്നു ഞാൻ മോഷ്ടിച്ചു സമ്പാദിച്ചതാണതു്. അദ്ദേഹം അതറിഞ്ഞിട്ടുമില്ല. ഈ സമ്മാനം അദ്ദേഹത്തിനെ തികച്ചും സംതൃപ്തനാക്കും. പിന്നെ, സൌദാ, യുദ്ധകാലമാണ്. മിതവ്യയം വളരെ അത്യാവശ്യമാണ്".

*		*		*

നിർവ്വചനം.—നിങ്ങൾക്കു പണംകൊണ്ടു ആവശ്യമില്ലെന്നു തികച്ചും തെളിയിക്കാൻ സാധിച്ചാൽ പിന്നെ നിങ്ങൾക്കു പണം കടം വാങ്ങാവുന്ന ഒരു സ്ഥാപനമാണ് ബാങ്ക്.

*		*		*

ഹാന്നിബാൾ, സീസർ, നെപ്പോളിയൻ ഇന്നു മൂന്നുപേരും സ്വർഗ്ഗത്തിലിരുന്നു ഈ യുദ്ധത്തെ നോക്കി രസിക്കുകയായിരുന്നു. ഹാന്നിബാൾ പറഞ്ഞു :

"എനിക്കു ആ ടാങ്കുകളുണ്ടായിരുന്നെങ്കിൽ റോം ഇപ്പോഴെവിടെയാകുമായിരുന്നു ?"

സീസർ തട്ടിമൂളിച്ചു: "എനിക്കു ആ അമേരിക്കൻ സൂപ്പർഫോർട്രസ്സ് വിമാനങ്ങളുണ്ടായിരുന്നെങ്കിലൊ ?"

നെപ്പോളിയൻ സ്വല്പസമയം ചിന്താമഗ്നനായി കാണപ്പെട്ടു. എന്നിട്ടു ഒരു നെടുവീർപ്പു വിട്ടുംകൊണ്ടു പറഞ്ഞു : "എന്റെ ഭാഗത്തു ഗോബൽസ് ഉണ്ടായിരുന്നുവെങ്കിൽ ! ഞാൻ യുദ്ധത്തിൽ പരാജിതനായെന്നതു് ലോകം അറിയുകയേ ഇല്ലായിരുന്നു."

*		*		*

വറീതു്, തങ്ങളുടെ ഏഴുവയസ്സായ കുഞ്ഞു ഇടത്തുകൈകൊണ്ടു എഴുതുന്നതു കണ്ടപ്പോൾ ആ കത്തോലിക്ക് ദമ്പതികൾക്കു വല്ലാത്ത ആശ്ചര്യമുണ്ടായി.

"എന്താ മോനേ, നെയ്യു് വലതുകൈകൊണ്ടെഴുതാത്തതു് ?" സാറാമ്മ കുട്ടിയുടെ കവിളിൽ നുള്ളിക്കൊണ്ടു ചോദിച്ചു.

"അതോ" വറീതു പറഞ്ഞു: "ദൈവം അങ്ങിനെ ചെയ്യുന്നില്ല."

"അതു് നെയ്യു് എങ്ങിനെ അറിഞ്ഞു" പരിഭ്രമത്തോടെ പാപ്പിയച്ചൻ ചോദിച്ചു.

"അല്ലാ," വറീതു വിശദീകരിക്കാൻ തുടങ്ങി. ദൈവത്തിന്നു ഇടതേകയ്യ്കൊണ്ടേ എഴുതാൻ നിവൃത്തിയുള്ളൂ. കാരണം ഈശ്വരന്റെ വലത്തെ കയ്യിൽ യേശുക്രിസ്തുവുണ്ടു്."

അവരൊന്നും പറഞ്ഞില്ല. മതവിരോധത്തിൽ നിന്നു രക്ഷപ്പെടണമല്ലോ!

*		*		*

സാധുക്കളുടെ സ്വത്തു സന്താനങ്ങൾ മാത്രമാണ്.

*		*		*

അവരുടെ ആപ്തവാക്യങ്ങൾ.—"ആംഗ്യം കാണിക്കുകയും ഒച്ചയുണ്ടാക്കുകയും ചെയ്യരുതു്."

"ഒരു സോവിയററു ആഫീസർ അച്ചടക്കം, ആത്മബോധം, ചുറുചുറുക്കു ഇവ തികഞ്ഞ ഒരാളായിരിക്കണം."

"ആരുടെയും ഉപദേശം തിരസ്കരിക്കരുതു്. അതനുസരിച്ചു നടക്കണമോ, വേണ്ടയോ എന്നു ആലോചിക്കേണ്ടതു നിങ്ങളാണ്."

"ഒരാഫീസർ ആയാളുടെ മാന്യത പരിപാവനമാണ്. നിങ്ങൾ ഒരാഫീസറാണെന്നു എപ്പോഴും ഓർമ്മിക്കുക."

*		*		*

യൂറോപ്പിന്റെ പുറത്തുള്ള ഒരു കുരുവാണു് ജർമ്മനി. അതു മാററുന്നതിന്നുള്ള മരുന്നു ഒട്ടുമ്പോൾ തന്നെ ആ കുരുവിൽനിന്നു വ്യാപിക്കുന്ന വിഷക്കൃമികളെ നശിപ്പിക്കാനും എന്തെങ്കിലും ചെയ്യണം. ആ കുരു ഞെക്കി ചലം പുറപ്പിച്ചതുകൊണ്ടു മാത്രം രോഗം മാറുകയും വേദന ശമിക്കുകയുമില്ല.

*		*		*

മനുഷ്യർ മൂന്നു തരത്തിൽ പെട്ടവരാണ്. കാര്യങ്ങൾ നിർവ്വഹിക്കുന്ന കുറച്ചു പേർ, അതു സംഭവിക്കുന്നതു കാണുന്ന കുറെപ്പേർ, എന്താണ് സംഭവിക്കുന്നതെന്നറിയാത്ത ഭൂരിപക്ഷം.

*		*		*

60 വയസ്സുള്ള ജർമ്മൻകാർക്കുകൂടി "ജനകീയ സേനയിൽ" ചേരണമെന്നു ഹിററ്ലർ ശാസനം പുറപ്പെടുവിച്ചിരിക്കുന്നു. 60 വയസ്സായവർക്കു ഇഷ്ടമുള്ള വകുപ്പു സ്വയം തിരഞ്ഞെടുക്കാം. ഒരു കിഴവൻ ഫ്യൂററുടെ ഹെഡ്ക്വാർട്ടറിൽ പണിയെടുക്കാമെന്നു സമ്മതിച്ചു.

ഓഫീസർ ക്രുദ്ധനായി ചോദിച്ചു: "നിങ്ങൾക്കു ഭ്രാന്തുണ്ടോ ?" ആയാൾ പറഞ്ഞു, "ഉവ്വ്; അത്യാവശ്യമായ സർട്ടിഫിക്കേററല്ലേ അതു് ?"

*		*		*

"മത്സ്യങ്ങളെങ്ങിനെയാണ് വെള്ളത്തിൽ ഉല്ലസിച്ചു ജീവിക്കുന്നതു് ?" ഒരാൾ ചോദിച്ചു.

"അങ്ങിനെ അവ ചെയ്യുന്നുണ്ടെന്നു നിങ്ങൾ എങ്ങിനെ മനസ്സിലാക്കി ? നിങ്ങൾ ഒരു മത്സ്യമല്ലല്ലൊ !" മറേറയാൾ ഉത്തരം പറഞ്ഞു.


"എനിക്കറിഞ്ഞുകൂടെന്നു തനിക്കെങ്ങിനെ അറിയാം ?" ആദ്യത്തെ ആൾ വീണ്ടും ചോദിച്ചു. "താൻ ഞാനല്ലല്ലൊ !"

*		*		*

നിങ്ങളെപ്പററി ആളുകൾ എന്തു വിചാരിക്കുന്നുവെന്നു കരുതി വിഷമിക്കേണ്ട. അവർ നിങ്ങളെപ്പററി ചിന്തിക്കുന്നില്ല. അവരെപ്പററി നിങ്ങളെന്താണ് പറയുന്നതെന്നു ആലോചിക്കുകയായിരിക്കും അവർ.

*		*		*

100 കൊല്ലം മുമ്പു എഡ്ഗാർ അല്ലൻ പോ "ടാമർലേൻ" എന്ന ഒരു കാവ്യം എഴുതി. ഒരു പ്രസിദ്ധീകരണശാലക്കാരനും അതു അംഗീകരിച്ചില്ല. തന്നിമിത്തം പോ തന്നെ 500 പ്രതികൾ അച്ചടിപ്പിച്ചു. 10 എണ്ണം വിററു. ബാക്കി പ്രതികൾ എവിടെ ? ആർക്കുമറിഞ്ഞുകൂടാ. നിങ്ങൾക്കു ഒരു പ്രതി കിട്ടിയാൽ, അതു വിററാൽ ഒരു മാളിക വാങ്ങാനുള്ള പണം കിട്ടും. ഈയിടെയായി 11 പ്രതികൾ കണ്ടുകിട്ടി. ഓരോന്നും 5,000 പവൻ വിലക്കാണ് വിററതു. ഇന്നു ലക്ഷപ്രഭുക്കൾ ആ പുസ്തകം അന്വേഷിച്ചു നടക്കുന്നു—ഗ്രന്ഥകാരൻ ആരുമില്ലാഞ്ഞിട്ടു സ്വന്തം അച്ചടിപ്പിച്ച ആ ഗ്രന്ഥം.



ബർല്ലിൻ നഗരം—ആകാശത്തിൽനിന്നുള്ള വീക്ഷണം



ബർല്ലിനിലേക്കു—ചുകപ്പുസേനയുടെ സ്റ്റാലിൻ ടാങ്ക്

ഒരു ചട്ടാളക്കാരൻ തന്റെ സഖാക്കളോടു ഉൽബോധിപ്പിക്കുന്നു :—

# ഭാവിയിലേയ്ക്കു ഒന്നു കണ്ണോടിയ്ക്കുക!

(കെ. സി. കെ. പണിക്കർ)

ആവശ്യമാണല്ലോ കണ്ടുപിടുത്തത്തിന്റെ അടിസ്ഥാനം. സയൻസിന്റെ ആവിർഭാവത്തിന്നുശേഷം ലോകത്തിൽ ഉണ്ടായിട്ടുള്ള പരിവർത്തനങ്ങൾ അത്ഭുതകരമായിട്ടുള്ളതാണ്. ഇവ ലോകത്തെ ആകപ്പാടെ ഒന്നു കീഴ്മേൽ തകിടം മറിച്ചു. മററൊരുവിധത്തിൽ, ശാസ്ത്രത്തിന്റെ സഹായത്തോടുകൂടി ലോകം ലോകത്തെ തന്നെ നോക്കിക്കാണുന്നതിന്നും മനസ്സിലാക്കുന്നതിന്നും പഠിച്ചു. ഭയാനകങ്ങളായിത്തോന്നിയിരുന്ന പല പ്രപഞ്ചരഹസ്യങ്ങളും പ്രകൃതിനിയമങ്ങളും നമുക്കു തികച്ചും നിസ്സാരങ്ങളായിത്തോന്നി: പണ്ടു മനുഷ്യജനത സ്വപ്നംവും കൂടികാണാത്ത പുതിയ രീതികൾ സമുത്ഭവിച്ചു; അന്ധവിശ്വാസങ്ങളുടെ അടിപുഴങ്ങി; സ്ഥലകാലസീമകളെ മനുഷ്യൻ അതിലംഘിക്കാൻ തുടങ്ങി; ഇങ്ങനെ സമുദായം കടിഞ്ഞാണില്ലാതെ സയൻസിന്റെ മേൽ സവാരി ചെയ്തു മുന്നോട്ടേയ്ക്കു ആഞ്ഞു കുതിച്ചു.

എന്നാൽ ഇതു ഒരു വശം മാത്രമാണ്; മറുപുറം ഇത്രത്തോളം അഴകൊഴുകുന്നതും ആവേശകരവുമല്ല. സയൻസ് മനുഷ്യന്നു ഒരനുഗ്രഹം തന്നെയാണ്, അതിൽ ആശങ്കയ്ക്കുവകാശമില്ല. പക്ഷെ അതിന്റെ ഉപയോഗത്തിൽ വളരെ വങ്കത്തങ്ങൾ മനുഷ്യന്മാർ കാണിച്ചു. പ്രതികാരേച്ഛയോടെ ശാസ്ത്രം ഭയങ്കരരൂപം കൈക്കൊണ്ടു മനുഷ്യന്റെ നേർക്കു തിരിഞ്ഞുടുത്തു. പാവപ്പെട്ട മനുഷ്യർ! ആഭിചാരം കൊണ്ടു പിശാചിനെ വിളിച്ചുവരുത്തി, അതിനെക്കൊണ്ടു ഭയന്നു കിടുകിടെ വിറച്ച മന്ത്രവാദിയെപ്പോലെ അമ്പരന്നു, അന്ധാളിച്ചു കലർന്നു പരക്കം പാഞ്ഞു. പക്ഷെ ഫലമെന്തു്? ചെയ്തു വിട്ടതിന്നു പ്രായശ്ചിത്തം അതിന്റെ അനന്തരഫലം അനുഭവിക്കുകമാത്രമായിരുന്നു. രക്തച്ചൊരിച്ചിലുകളും കൂട്ടക്കൊലകളും, മത്സരവും മനുഷ്യർക്കിടയിൽ മുളച്ചു പൊന്തി. സുഖസൌകര്യങ്ങളുടെ സ്വർഗ്ഗീയനദിയിൽ ഉല്ലസിച്ചു വിനോദിക്കണമെന്നു വിചാരിച്ച മനുഷ്യൻ, ചെന്നു ചാടിയതു ചോരപ്പുഴയിലാണ്! എന്തൊരു വൈപരീത്യം!

അങ്ങിനെയുള്ള ഒരു ദശാസന്ധിയെയാണു മർത്ത്യലോകം ഇന്നു തരണം ചെയ്യുന്നതു്. ഭയങ്കരവും കരുവാളിപ്പിക്കുന്നതുമായ വിഷജ്വാലകൾ വിതറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ! ഈ സ്ഥിതിയിൽനിന്നും തികച്ചും രക്ഷപ്പെടണമെങ്കിൽ, മേലിൽ ഈ 'രക്തക്കുരുതി' ആവർത്തിയ്ക്കാതിരിക്കണമെങ്കിൽ, നാം സഗൗരവം ഇരുന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ മുമ്പിലുള്ള പ്രശ്നങ്ങൾ വമ്പിച്ച തോതിലുള്ളവയാണ്. തന്മൂലം അവയ്ക്കുള്ള പരിഹാരങ്ങളും, ചില ഒട്ടയടപ്പൻ വിദ്യകളോ, മുറിവൈദ്യങ്ങളോ ആകാൻ നിവൃത്തിയില്ല.

ഓരോ വ്യക്തിയ്ക്കും ഇതിൽ വമ്പിച്ച ഉത്തരവാദിത്വവും കടമയുമുണ്ടു്. "ഞാനൊന്നുമറിഞ്ഞില്ല നാരായണാ!" എന്ന ഒരു മനോഭാവത്തോടെ ഒരാൾക്കും അകന്നൊഴിഞ്ഞു നില്ക്കാൻ നിവൃത്തിയില്ല. ഏതൊരാളും തന്നെ സമുദായത്തിലുൾപ്പെട്ട ഒരു ഘടകമാണ്. സമുദായം എന്നതു അമേയവും അനിർവ്വചനീയവുമായ ഒരു പരബ്രഹ്മമല്ല. അതു പല വ്യക്തികളേയും ഉൾക്കൊള്ളുന്ന ഒരു വ്യവസ്ഥയും സംഘടനയുമാണ്. വ്യക്തികൾക്കു പല അഭിപ്രായങ്ങളും ഉദ്ദേശങ്ങളും താല്പര്യങ്ങളുമുണ്ടു്. തന്നിമിത്തം സമുദായത്തിൽ സാർവ്വത്രികമായി ഐകരൂപ്യം ദർശിച്ചുവെന്നു വരില്ല. ഇതേവരെയുള്ള വിഷമതകൾക്കും, മനുഷ്യൻ അനുഭവിക്കേണ്ടിവന്ന ദുരിതങ്ങൾക്കും, നഷ്ടകഷ്ടങ്ങൾക്കും കാരണം സാമുദായികമായ ഈ അനൈകരൂപ്യമാണ്. അതില്ലാതാക്കുക; എന്നാൽ നാളത്തെ നമ്മൾ ഇന്നത്തേതിൽനിന്നും വളരെ വ്യത്യസ്തപ്പെട്ടവരായിരിക്കും. ഇന്നു സമുദായത്തിൽ ഒരു പൊട്ടിത്തെറിയ്ക്കലുണ്ടായിട്ടുണ്ടു്; ഏതൊന്നിന്റേയും വേരുകളിളക്കുകയും, ആരുടേയും ഹൃദയത്തെ വിറകൊള്ളിയ്ക്കുകയും ചെയ്യുന്ന ഒരു പൊട്ടിത്തെറിയ്ക്കൽ! അതു നിശ്ശാന്തമാകാൻ തുടങ്ങുന്നു. മനുഷ്യസമുദായത്തിന്റെ പരമ ശത്രുക്കൾ മരിച്ചു മണ്ണടിയാൻ പോകുന്നു. ശരിതന്നെ, അതുകൊണ്ടുമാത്രമായില്ല ഭാവിയിലും ഈ ചരിത്രം ആവർത്തിയ്ക്കപ്പെടാതിരിക്കാൻ സൂക്ഷിക്കണം. ഇന്നത്തെ യുദ്ധത്തിൽ പങ്കെടുത്തുവരുന്ന നമ്മൾക്കു നാളേയും ഇതേപോലെ ഇതിലും ഭയങ്കരമായ ഒരു യുദ്ധമില്ലാതാക്കണം. അതിന്നുള്ള മൌലികവും പ്രാഥമികവുമായ അവകാശവും ആവശ്യവും പോരാളിമാരായ നമ്മുടെതത്രേ. മി. ചർച്ചിൽ ബ്രിട്ടനിലെ യുദ്ധ നേതാവാണ്; മാർഷൽ സ്റ്റാലിനാണ് ചുവപ്പുസേനയുടെ ഗതികളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതു്. അമേരിക്കൻ യുദ്ധ പരിശ്രമങ്ങൾ മുഴുവനും റൂസ്‌വെൽട്ടിന്റെ വരുതിയിലാണ് നടന്നുവരുന്നതു്. എന്നാൽ, അവർ തന്നെയാണ് ലോകസുരക്ഷയെപ്പററി ആലോചിക്കാൻ മുന്നിട്ടിറങ്ങിയ ആ മഹനീയ നേതാക്കന്മാരും. യാൽട്ടാ സമ്മേളനത്തിൽ, അവർ ആലോചിച്ചു തീരുമാനങ്ങൾ ചെയ്തു. സാൻഫ്രാൻസിസ്കോവിൽ വെച്ചു, ഐക്യ രാഷ്ട്രങ്ങൾ അവയ്ക്കു പ്രായോഗികമായ പരിപാടികൾ നിർദ്ദേശിക്കാൻ പോവുകയാണ്. അതേപോലെ ഓരോ പൌരന്റേയും, യോദ്ധാവിന്റേയും ഹൃദയത്തിലും, ഒരു "യാൽട്ടാ സമ്മേളനവും" "സാൻഫ്രാൻസിസ്കോ സമ്മേളനവും" നടക്കേണ്ടതു് അത്യാവശ്യമായിത്തീർന്നിരിക്കുന്നു.

---

## ശ്മശാനങ്ങൾ

(കെ. പി. മേനോൻ.)

കാലചക്രത്തിന്മഹത്വമല്ലോ
കാലക്രമത്തിലീ ലോകനാശം.
പാർക്കകിലത്ഭുതമീവിധമായ്
പോക്കുളന്തന്നിൽനിന്നുത്ഭവിപ്പൂ
ഓർക്കുക നീചമാം 'ഭീതബാധ'-
'ശ്ലോക്കനിൽ' വന്നതിൻ ഭാവഭേദം
പ്രേമപ്രകൃഷ്ടമിദ്ദേശമിപ്പോൾ
നാമാവശിഷ്ടമായ്ത്തീർന്നു കഷ്ടം!
നാഗരീകത്വ മഹിമയെല്ലാം
നാരകംതന്നിൽ ഗമിച്ചിതയ്യോ!
കണ്ടുകൊൾകീരാജപാതയെല്ലാം
കണ്ടകംകൊണ്ടു നിറഞ്ഞുകാൺമൂ.
ഭാവനാതീതമീയന്ത്രപൂരം-
ഭാവഭേദത്തിൽപതിച്ചുപോയി.
രാജ്യനിവാസികൾ മിക്കപേരും-
ത്യക്തരായോടിയൊഴിച്ചുപോയി.
പാവങ്ങൾമാത്രമുണ്ടിങ്ങുപോകാൻ-
പാടില്ലാതങ്ങിനെ പാർത്തീടുന്നു.
പേടിച്ചുപോകുമക്കൂട്ടരെല്ലാം-
പ്രേതത്തെക്കാളും ഭയങ്കരന്മാർ.
പട്ടിണികാർന്നവർക്കുള്ളമെയ്യി-
ലൊട്ടുമിറച്ചിയില്ലെല്ലുമാത്രം!
ധൃഷ്ടരായ് മുമ്പിങ്ങു ജാപ്പുസേന-
ദുഷ്ടരായ്‌വന്നു ഭരിക്കമൂലം.
"സൂര്യന്റെപുത്രരുദാരശീല-"
രേവം "സ്വതന്ത്രമായ്"ത്തീർക്കമൂലം.
ഹാ ഹാ, ശ്മശാനം കണക്കതായി-
നാടുകൾ, വീടുകൾ, വീഥിയെല്ലാം.

---

## സ്വപ്നലോകത്തിൽ

(ജി. പി. ശങ്കരമംഗലം)

[കാകളി]

യുദ്ധം കഴിഞ്ഞു, സമാധാന ദേവി തൻ-
നൃത്തകോലാഹല മെങ്ങു മുൽഭൂതമായ്,
ആതങ്കനാദങ്ങളൊന്നില്ല കേൾക്കുവാൻ
ആനന്ദ ഗാനം മുഴങ്ങുന്നിതെങ്ങുമേ:

ഇന്നലെ നാം കണ്ട കുന്നും കുഴികളും,
ഇന്നില്ല സർവ്വം സമനിരപ്പായഹോ!

ഘർമ്മനീർച്ചോലയിൽ മുക്കി ജഗത്തിന്നു-
ശർമ്മപ്പുളകം പുതപ്പിച്ച സോദരർ,

ഇപ്പുതുലോകരചനയ്ക്കു ജീവിത-
രക്തത്തെ യൂററിക്കൊടുത്തൊരെൻ സോദരർ,
പട്ടു പൂമെത്ത പരന്നേകിയെന്നുമേ-
പട്ടിണിക്കാട്ടിൽ പടുത്തൊരാ സോദരർ,

അത്ഭുതാജയ്യ പവിത്ര ചരിത്രരാ-
മപ്പരമാ ദർശബദ്ധരാം സോദരർ,

അത്തൊഴിലാളികൾ: ലോകത്തിനത്ഭുത-
സിദ്ധികൾപോലെ വിളങ്ങുന്നിതെങ്ങുമേ :

ഇന്നവരത്രേ, ഭരണസ്ഥലങ്ങളിൽ
വെന്നിക്കൊടികൾ വഹിക്കുന്ന നായകർ

എങ്ങും വിഭാതവിശുദ്ധതേജസ്സിനാൽ
മംഗളദർശനരാണാ സഹോദരർ.

പാമരന്മാരില്ല പാരിലെങ്ങും, പണ-
ക്കോമരം തുള്ളുന്ന നിഷ്ഠുരക്കൂട്ടവും,

ഇല്ലിങ്ങവരുധിരം കുടിച്ചു തൻ-
പള്ളവീർപ്പിക്കുന്ന കള്ളപ്പരിഷകൾ,

എള്ളോളവും ദയയെന്നിയേ സാധുവെ-
ക്കൊള്ള കൊണ്ടീടുന്ന ഭള്ളപ്രമാണികൾ,

പാവങ്ങൾ തൻ പ്രാണവാതം ഭുജിക്കുന്ന-
പാഷണ്ഡ നാഗങ്ങൾ ദുഷ്പ്രഭുശ്രേണികൾ,

എല്ലാം കൊഴിഞ്ഞു കരിയിലപോൽ ; പാരി
ലെല്ലാ മൊഴിഞ്ഞു, ധനപ്രഭാവത്വവും.

മാനത്തെ വിററു വയർ പിഴപ്പോരില്ല,
മാനത്തു നോക്കി നടക്കും ജനങ്ങളും,

ചോരണം, മാരണം, തൊട്ടതൊന്നിന്നുമേ-
കാരണമില്ലാ ധരിത്രിയിലെങ്ങുമേ;

പാടവമേറുന്ന വിജ്ഞാന ദീപ്തിയാൽ
പാടേമറഞ്ഞു ദുരാചാരമാമിരുൾ ;

സത്യം, സമത്വം, സഹോദരത്വം, തൊട്ടോ-
രുത്തമാദർശങ്ങളെങ്ങും പരക്കയാൽ,

നിത്യവും കേൾക്കുന്നു, സ്വാതന്ത്ര്യ ദേവിതൻ-
മുഗ്ദ്ധസംഗീത മധുരമുദ്‌സ്വരം,

പാടുന്നുവെങ്കിളിപ്പൈതങ്ങൾ—"ഭാരതാ-
രാമംസ്വതന്ത്രമായ്, ഭാഗധേയാബ്ധിയായ്

എന്തൊരാനന്ദം, മനുഷ്യർക്കു തമ്മിലൊ-
രന്തരമില്ലാ സമസ്ഥിതിക്കാരവർ"-

എന്തൊരാഹ്ലാദം, ജഗത്തിന്നു, മാത്രകൊ-
ണ്ടന്തരമിത്തരം ; എന്തൊരത്യൽഭുതം!

ഇപ്പുതുലോകമേതുൽകൃഷ്ട സിദ്ധിതൻ-
ചക്രായുധത്തിന്റെ ശക്തിയാൽ ജാതമായ്

അത്ഭുതപ്പെട്ടു ഞാൻ ; കൺതുറന്നു ; ദിവ്യ-
സുപ്രഭാതത്തിന്റെ ചെങ്കതിർ ദൃശ്യമായ്:

ആശിക്ക ചിത്തമേ, അദ്ദിവ്യ ലോകമി-
ന്നാസന്നമെന്നു: പരിഭ്രമിക്കായ്ക നീ!

-ശുഭം-

---

## ലേഖകന്മാർക്ക്

യുദ്ധസഞ്ചികയിലേയ്ക്കു് പ്രസിദ്ധീകരണാർത്ഥം എഴുതി അയക്കുന്ന ലേഖനങ്ങളും പദ്യങ്ങളും മററും വൃത്തിയായി മഷിയിൽ എഴുതി അയക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസിദ്ധീകരിക്കുന്നതിന്നു താമസവും ചിലപ്പോൾ അസാദ്ധ്യവുമായി വരുന്നതാണ്. ഈ സംഗതിയിലേക്കു ലേഖന്മാരുടെ ശ്രദ്ധയെ പ്രത്യേകം കാണിച്ചുകൊള്ളുന്നു.

(പത്രാധിപർ)

തൂലികയ്ക്കും വാളിനോടൊപ്പം സ്ഥാനമുണ്ടെന്നു ലോകത്തെ പഠിപ്പിച്ച

# മിക്കെയിൽ ഷോളോക്കോവ്

(ഡോക്ടർ. കെ. സി. പത്മാവതി)

സോവിയററു യൂനിയനിലെ ഏററവും ഇളയ തലമുറയിൽപ്പെട്ട ഒരു സാഹിത്യകാരനാണ് ഷോളോക്കോവ്. അദ്ദേഹത്തിന്നു ഇപ്പോൾ 40 വയസ്സുമാത്രമേ പ്രായമുള്ളു. എങ്കിലും അദ്ദേഹത്തിൻെറ സാഹിത്യസൌരഭവും, തജ്ജന്യമായ പ്രസിദ്ധിയും സോവിയററു നാട്ടിലും, മറുനാട്ടുകളിലും സർവ്വത്ര വ്യാപരിച്ചുകഴിഞ്ഞിരിക്കുന്നു. ഷോളോക്കോവ് ഒരു കൊസ്സാക്കുകാരനാണ്. അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിലെങ്ങും തന്നെ കൊസ്സാക്ക് ജനങ്ങളുടെ ജീവിതചിത്രീകരണമാണ് സർവ്വസാധാരണമായിക്കാണുന്നതു. കൊസ്സാക്കുകൾ സ്വതവെ പ്രയത്നശീലരാണ്. അവരിൽ ഉദ്യോഗസ്ഥന്മാരായി കുറച്ചുപേർ മാത്രമേയുള്ളു. തന്മൂലം, മിക്കെയിൽ ഷൊളോക്കോവ് തൻെറ കഥാപാത്രങ്ങളായി കൃഷിക്കാരും മററു പ്രവൃത്തിക്കാരുമായ കൊസ്സാക്കുകളെയാണ് എടുത്തിരിക്കുന്നതു്.

അദ്ദേഹത്തിൻെറ ആദ്യത്തെ ഗ്രന്ഥം പ്രസിദ്ധീകൃതമായതു് 1923 ലാണ്; അന്നു ഷോളോക്കോവിന്നു 18 വയസ്സു മാത്രമേ പ്രായമായിരുന്നുള്ളു. എങ്കിലും ഈ യുവസാഹിത്യകാരൻെറ പ്രസിദ്ധി അതിന്നുശേഷം വളർന്നു. "അനാഗതശ്മശ്രുവായ കഥാകൃത്ത്" എന്ന് അക്കാലത്തു, ഷോളോക്കോവിനെ ചില സഹൃദയന്മാർ വിളിച്ചുവന്നിരുന്നു. "ഡോൺ നിശ്ശബ്ദമായി ഒഴുകുന്നു" എന്നതാണ് അദ്ദേഹത്തിൻെറ വിശ്വവിഖ്യാതമായ നോവൽ. ഈ പുസ്തകമെഴുതുന്നതിന്നു വേണ്ടി അദ്ദേഹം 15 വർഷങ്ങൾ വിനിയോഗിച്ചു. കൊസ്സാക്കുകളുടെ പുരാതന ചരിത്രവും, ജീവിതക്രമവും, സ്വഭാവ വിശേഷങ്ങളും ഒരു വായനക്കാരന്ന് ആ ഗ്രന്ഥത്തിൽനിന്നു കിട്ടുന്നതാണ്. റഷ്യയിലെ ജന്മികളുടെ മർദ്ദനത്തിൽനിന്നും രക്ഷപ്പെടുവാൻ വേണ്ടി തെക്കുഭാഗത്തുള്ള മലപ്രദേശങ്ങളിലേക്കു കുടിയേറിപ്പാർത്ത ഒരു വർഗ്ഗക്കാരാണ് കൊസ്സാക്കുകൾ. സാറിസ്റ്റു ഗവമ്മേണ്ടിന്നു ഇക്കൂട്ടരെ വളരെ ഭയമായിരുന്നു. അവക്കു പ്രത്യേക പദവികളും സ്ഥാനങ്ങളും നൽകി വശീകരിക്കുന്നതിന്നായി അന്നു ഗവമ്മേണ്ടു് പരിശ്രമിച്ചു. ഓരോ കൊസ്സാക്കും നല്ല ഒരു ഭടനും കുതിരപ്പടയാളിയുമാണ്. എന്നാൽ 1917ൽ കോസ്സാക്കുകൾ ഭരണാധിപന്മാരുടെ പ്രലോഭനങ്ങൾക്കു വഴങ്ങാതെ ഒരു പുതിയ റഷ്യക്കുവേണ്ടിയുള്ള പോരിൽ പങ്കെടുത്തു പടവെട്ടി. ഈ സംഭവങ്ങളെല്ലാം "ഡോൺ നിശ്ശബ്ദമായി ഒഴുകുന്നു" എന്ന നോവലിൽനിന്നു തപ്പിയെടുക്കാം.

ഷോളൊക്കോവിൻെറ രീതിയും ശൈലിയും ലിയോ ടോൾസ്റ്റോയുടെ "കോസ്സാക്കുകൾ," "യുദ്ധവും സമാധാനവും" എന്ന ഗ്രന്ഥങ്ങളെ അനുകരിച്ചുകൊണ്ടുള്ള ഒന്നാണ്. എന്നാൽ അതേ സമയത്തു അവ വെറും അനുകരണങ്ങളല്ലതാനും. സ്വതന്ത്രമായ ഒരു പ്രതിഭാശാലിത്വവും ധിഷണയും ഷൊളോക്കോവിൻെറ ഏതു ഗ്രന്ഥത്തിലും സ്ഫുരിക്കുന്നുണ്ടു. ഷൊളൊക്കോവിൻെറ നോവലിലെ കഥാനായകൻ രാജ്യത്തെ നവീനമാർഗ്ഗത്തെ മനസ്സിലാക്കാൻ കഴിയാത്ത ഒരാളാണു. സ്വതന്ത്രരാജ്യത്തിൻെറ സമരത്തിൽ പങ്കെടുക്കാതെ അകന്നൊഴിഞ്ഞു നില്ക്കുന്ന ശക്തികളും, വ്യക്തികളും എങ്ങിനെയാണ്, അവരറിയാതേയും, അറിഞ്ഞും, ശത്രുവിൻെറ കയ്യിലുള്ള ആയുധങ്ങളായി പരിണമിക്കുന്നതെന്നു തന്മയത്വത്തോടെ അദ്ദേഹം ഈ നോവലിൽ ചിത്രീകരിച്ചു കാണിക്കുന്നു. "ഡോൺ ശാന്തമായി ഒഴുകുന്നു" എന്ന നോവലിലെ നായകനും ഇതുതന്നെയാണ് സംഭവിക്കുന്നതു്. ഒരു ഡോൺ കൊസ്സാക്കായ ഗ്രിഗൊറിമെലെഖാവ്, തൻെറ പഴഞ്ചൻ അഭിപ്രായങ്ങളാലും പക്ഷപാതങ്ങളാലും, സ്വതന്ത്രരാജ്യത്തിൻെറ നന്മക്കുവേണ്ടിയുള്ള സമരത്തിൽ യാതൊരു സ്ഥാനവും കാണാതെ വിഷമിക്കുന്നു. സ്വന്തജനങ്ങളാൽ ബഹിഷ്കൃതനായി, സ്വന്തമണ്ണിന്നാൽ പറിച്ചെറിയപ്പെട്ടു ആയാൾ ദുരന്തമായി കലാശിക്കുന്നു. ഷോളോക്കോവിൻെറ പിന്നെത്തെ നോവൽ "ഇളക്കിമറിച്ച മണ്ണു്" എന്നതാണ്. കോസ്സാക്ക് ഗ്രാമങ്ങളിൽ കൂട്ടുകൃഷി വ്യവസ്ഥയേർപ്പെടുത്തുകയും സോവിയററുനാട്ടിൽ സോഷ്യലിസം പ്രചരിപ്പിക്കുകയും, ചെയ്യുമ്പോഴുണ്ടായ നേട്ടങ്ങളുമാണ് ഈ നോവലിൻെറ പ്രതിപാദ്യവിഷയം.

ഫാസിസ്റ്റു ദുഷ്ടന്മാർ സോവിയററു നാടിനെ ആക്രമിച്ചപ്പോൾ, ആ നീചകൃത്യം, ഈ ഗ്രന്ഥകാരനിലും വലിയ പരിവത്തനം ഉണ്ടാക്കിത്തീർത്തു. "വിദ്വേഷത്തിൻെറ ശാസ്ത്രം" എന്ന അദ്ദേഹത്തിൻെറ ചെറുഗ്രന്ഥം ഈ വികാരങ്ങളുടെ രേഖപ്പെടുത്തലാണ്. "അവർ അവരുടെ രാജ്യത്തിന്നുവേണ്ടി പൊരുതി" എന്ന ഒരു ഗ്രന്ഥം അദ്ദേഹമിപ്പോൾ എഴുതിവരികയാണ്. അതിൻെറ ചില അദ്ധ്യായങ്ങൾ മാത്രമേ എഴുതിക്കഴിഞ്ഞിട്ടുള്ളു. 1942ൽ ചുവപ്പുസേന ചെയ്ത പ്രതിരോധ സമരങ്ങളാണ് ഇവയിലെ വിഷയങ്ങൾ. സോവിയററു ഭടൻെറ സമരവൈദഗ്ദ്ധ്യം, വിജയത്തിലുള്ള വിശ്വാസം, ഏതാപത്തും സഹിക്കുന്നതിന്നുള്ള നെഞ്ചൂക്ക്, ത്യാഗബുദ്ധി ഇവയെല്ലാം തന്നെ ഇതിൽ ചിത്രീകരിക്കപ്പെട്ടിട്ടുണ്ടു്.

ചുവപ്പുസേന വിജയങ്ങളിലൂടെ മുന്നോട്ടു പോവുന്നു. ബർല്ലിനിൽ വിജയപതാക പാറിപ്പറക്കുന്നതിന്നു ഇനി അധികം കാലവിളംബമില്ല. റഷ്യൻ സാഹിത്യകാരനായ മിക്കെയിൽ ഷൊളോക്കോവിന്നും, ആ വിജയത്തെ സാധിപ്പിച്ച യോദ്ധാക്കന്മാരുടെ ഇടയിൽ മാന്യവും ഗണനീയവുമായ ഒരു സ്ഥാനമുണ്ടാവുമെന്നതു് സംശയമററ സംഗതിയാണ്.



സഖ്യസേനകൾ ഈയിടെ പിടിച്ച കോളോൺ നഗരം

## ജന്മസാഫല്യം

(കെ. പി. നായർ, ഏവൂർ.)

(ഇന്ദുവദന)

എൻെറ ബഹുമാന്യദശ ബാല്യ ദശപോയി-
ട്ടെൻെറ ബഹു ഭാഗ്യ ദശയിന്നു ഗതമായി.
കുട്ടികളുമൊത്തു പലവാറു കളിയാടി
കൊട്ടു-പിടി-വാദ്യ-അടർ-തൊട്ടിവ കഴിഞ്ഞു.

മല്ലിയൊടു മുല്ലസമ-മല്ലലൊഴിവോടേ-
കല്ലു കളി യാടി യടിയിട്ടു-പിരിവായി
ഇന്ദുകല വന്നു പിറമാറി യൊളി തൂകീ-
ട്ടുന്നു മമ:ഹൃത്തു കൊതി പൂണ്ടു വിറതൂകി.

ചന്ദ്രികയിലെൻെറ നിഴലാണു പിടികൂടാ
നെന്നു പണിചെയ്തു ഫലമിന്നു മതുതന്നെ,
മാതൃ പിതൃ, ബന്ധുജന ലാളന വഴിയ്ക്കാ-
ക്കത്തു രതനായി, ഭവനായി വഴിപോലെ.

. . . . . . . . . . . . . . . . . . . . . . . . . .


ഇന്നു മമ ഭാഗ്യ നിഴലാട്ടമതുമായി
വന്നു മമ ജന്മകൃത, മിന്നു ശുഭമായി-
ഒത്തു പല രൊത്തു സുഖ മത്തലൊഴിവായി
ട്ടെത്തുമരിവർഗ്ഗമതു ചത്തുമറവായി!

ജർമ്മനിയിലെത്തി ബഹു സഖ്യജനസൈന്യം-
മർമ്മകരമായ പല ബോമ്പുകൾ പൊഴിച്ചു
കെട്ടിടവുമൊത്ത ഹതിതൊട്ടു ബഹുലക്ഷം-
ദുഷ്ടജനവർഗ്ഗമതുമിന്നുകരിയായി.

ജർമ്മനുടെ ദുഷ്ടജനമിന്നു ബഹു: ധൈര്യാൽ
കർമ്മരതനായി . . . പൊരുതുന്നു . . . നരരായി
ഇന്നു മമ: ധീരതയു മൊത്തു പൊരുതെന്നാൽ
വന്നു മമ! ജന്മകൃതമിന്നു ശുഭമായി.

'കുള്ള'നുടെ ഭള്ളു, കുറവാനുമതിനല്പം-
തള്ളലൊടു ചെയ്തിടണ, മില്ല-പിടിവാദം-
ദുഷ്ടജന ശിക്ഷണവു മൊത്തു വഴിപോലെ-
ശിഷ്ടജന രക്ഷണവു മിന്നു കഴിവാകും.

### സൈന്യങ്ങൾക്കു വേണ്ട സാമഗ്രികൾ



ഇന്ത്യയിലെ ഒരു തുറമുഖം. സാമാനങ്ങൾ കപ്പലിൽനിന്നിറക്കുന്നു.

ചെറുകഥ

# ഇരുളും വെളിച്ചവും

(വി. എം: ചന്ദ്രശേഖരൻ നായർ.)

ഗോപി—ശിപായി നമ്പർ 3347 തന്റെ സൈനികത്താവളത്തിനു കാവൽ നില്ക്കുകയാണ്. സഖാക്കളെല്ലാം സുഖനിദ്ര കൊള്ളുന്നു. രാത്രിയുടെ കരൾ മരവിപ്പിക്കുന്ന നിശ്ശബ്ദതയും ശരീരം തുളച്ചു കയറുന്ന ശൈത്യവും!

ഗോപിയുടെ മുമ്പിൽ ഇനിയും രണ്ടു നീണ്ട മണിക്കൂറുകൾ ഉണ്ട്. നിദ്ര അവനെ അലട്ടുന്നില്ല. അവന്റെ ഹൃദയം 'ആരകൻ' പർവ്വത നിരകളിൽനിന്നും ബഹുശതം നാഴിക അകലെ സ്ഥിതി ചെയ്യുന്ന കേരളത്തിൽ എങ്ങോ തത്തിക്കളിക്കുകയാണ്.

ഗോപിയുടെ അന്തർനേത്രങ്ങൾക്കു മുമ്പിൽ അവന്റെ ഭൂതകാലചരിത്രത്തിലെ രംഗങ്ങൾ ചലച്ചിത്രത്തിലെന്നപോലെ ഒന്നൊന്നായി പൊങ്ങി മറയാൻ തുടങ്ങി. "കണ്ണമംഗലത്തു" കരയും അവന്റെ ചെറുഭവനവും അവൻ കണ്ടു. അവന്റെ വൃദ്ധമാതാവിന്റെയും, 'ഗോപി' ചേട്ടന്റെ വരവും കാത്തിരിക്കുന്ന അവന്റെ ഇളം സഹോദരങ്ങളുടെയും സ്മരണ അവന്റെ കരളിലയിച്ചു. ഒന്നു രണ്ടു കണ്ണുനീർ തുള്ളികൾ അവൻ അറിയാതെതന്നെ അടർന്നു വീണു. 'രവിയും', 'മണിയും' അവന്റെ ഇളയ കുട്ടികളാണ്. 'രവിക്കു' ഒരു ഷർട്ടും പമ്പരവും, 'മണിക്കു' റോസ് നിറത്തിലുള്ള ഒരു പാവാട തുണിയും അവധിയിൽ വരുമ്പോൾ കൊണ്ടു കൊടുക്കാമെന്ന് അവൻ വാഗ്ദാനം ചെയ്തിരുന്നു. ആ കുരുന്നു ഹൃദയങ്ങൾ 'ഗോപിച്ചേട്ടൻ' ഈ സമ്മാനങ്ങളും കൊണ്ടുവരുന്ന വരവും കാത്തിരിക്കുകയായിരിക്കും!

ഗോപിയുടെ ചിന്താസരണി മറെറാരു വശത്തേക്കു തിരിഞ്ഞു,—അവന്റെ വിദ്യാലയ ജീവിതത്തിലേക്ക്. ഇത്തിനി വരാതവണ്ണം പോയ് മറഞ്ഞ ആ മോഹനകാലം! യാതൊരു പരിധികൾക്കുള്ളിലും ഒതുങ്ങാത്ത സ്വാതന്ത്ര്യാവബോധം! അംബരാന്തത്തോളം ഉയർന്നു പൊങ്ങുന്ന ആശയങ്ങളും, അഭിലാഷങ്ങളും! അവൻ എത്ര പ്രാവശ്യം സ്വപ്നം കണ്ടു, താനും ഒരു സൈന്യാധിപനോ പ്രധാനമന്ത്രിയോ ഒക്കെ ആകുമെന്ന്. കൌമാരത്തിന്റെ കുതന്ത്രങ്ങൾ! അതു്, ആരെ എന്തൊക്കെ ആക്കുന്നില്ല?

ഗോപിയുടെ ബാല്യകാല സഖാക്കളിലൊരുവനാണ് നരേന്ദ്രൻ ഇന്നത്തെ അവന്റെ കമ്പനി കമാൻഡറായ മേജർ നരേന്ദ്രനാഥ്. ഈ സ്മരണ അവനെ വല്ലാതെ ഒന്നു ഞെട്ടിച്ചു. അവൻ മന്ത്രിച്ചു. 'ജീവിതം! നിരർത്ഥകമായ എന്തോ ഒന്ന്. ദൈവമേ! അനീതിയുടെ പര്യായംമാത്രം!'

നരേന്ദ്രനും ഗോപിയും ഒരു ഞെട്ടിലങ്കുരിച്ച രണ്ടിളം മൊട്ടുകളെപ്പോലെ കഴിഞ്ഞിട്ടുണ്ട്. ഹൃദയം തുറന്ന് അവർ എന്തൊക്കെയോ സംസാരിച്ചിട്ടുണ്ട്. അനേകം കുസൃതികൾ അവർ ഒരുമിച്ചു കാട്ടിയിട്ടുണ്ട്. മെട്രിക്കുലേഷൻ പരീക്ഷയിൽ ഗോപിക്കുണ്ടായ തുടർച്ചയായ തോൽവി അവനെ അവന്റെ സഖാവിൽനിന്നും എന്നെന്നേക്കുമായി അകററി. അംബര ചുംബികളായ അവന്റെ ആശാസൌധങ്ങളെ തകർത്തു തരിപ്പണമാക്കി. ഇന്നിതാ,! ഗോപിക്കും നരേന്ദ്രനും മദ്ധ്യേ ഒരു മഹാ സമുദ്രം!

ഒരുകാൽ പെരുമാററം! ഗോപി അവന്റെ സ്വപ്നത്തിൽനിന്നുണർന്ന് നാലുപാടും കണ്ണോടിച്ചു. അനക്കം കേട്ട സ്ഥലത്തേക്കു തോക്കു നീട്ടിക്കൊണ്ട്, "നില്ക്കു! ആരവിടെ?" "എന്നു ഗർജ്ജിച്ചു. അന്നത്തെ അടയാളവാക്കുച്ചരിച്ചുകൊണ്ടു മേജർ നരേന്ദ്രനാഥ് അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഗോപി നീണ്ടുനിവർന്നുനിന്ന് അഭിവാദ്യം ചെയ്തു. "ആരതു്, നാല്പത്തിഏഴോ? ജപ്പാൻകാർ ഈ കാട്ടുകളിലേക്ക് ഇഴഞ്ഞുകയറീട്ടുണ്ടെന്നു കേട്ടു. വളരെ ജാഗ്രതയായിരിക്കണം" എന്നു പറഞ്ഞു ആ ഉദ്യോഗസ്ഥൻ അവിടെനിന്നും നിഷ്ക്രമിച്ചു. ഗോപിയുടെ ഹൃദയം അസുഖചിന്തകളുടെ ഞെരുക്കത്തിൽപെട്ടു തകരുകയായി. അവൻ ആശിച്ചു, അദ്ദേഹം എന്നെ 'ഗോപി' എന്നു വിളിച്ചിരുന്നുവെങ്കിൽ! നരേന്ദ്രനേയും ഗോപിയേയും മേജർ നരേന്ദ്രനാഥും നാല്പത്തിഏഴുമാക്കിത്തീർത്ത നിയതി.

നിശാനാഥന്റെ നേരിയ കിരണങ്ങൾ തരുശാഖകൾക്കിടയിൽക്കൂടെ ഞെക്കിഞെരുക്കിവന്നു ആ പാറാക്കാരന്റെ പുറം തലോടിക്കൊണ്ടിരുന്നു. ഗോപി, അംബരാന്തത്തിലേക്ക് ഒന്നു സാക്രന്ദം കണ്ണുയർത്തി. അവിടെ നിൽക്കുന്നുണ്ട്, മൌനസംഗീതംപൊഴിച്ചുകൊണ്ട് ഒരായിരം താരജാലങ്ങൾ. അവയിലൂടെ ഒഴുകിവന്ന സൌന്ദര്യമകരന്ദത്തിൽ അവന്റെ ഹൃദയം കോൾമയിർകൊണ്ടു. അവന്റെ ചിന്തകൾ മനോമോഹനമായ മറെറാരു രംഗത്തിൽ ചെന്നണഞ്ഞു. മാലതി,—അവന്റെ വിദ്യാലയസഖി! അവൾ നരേന്ദ്രന്റെ സഹോദരിയാണ്. ഗോപിയുടെ ഹൃദയം തുടിച്ചു: അവൻ സ്വയം ചോദ്യം ചെയ്തു, "ഇന്ന് അവൾ എന്നെ സ്മരിക്കുന്നുണ്ടായിരിക്കുമോ?" സൌന്ദര്യസൌഭാഗ്യങ്ങളുടെ പരമോന്നതശൃംഗങ്ങളിൽ വിരിലസിക്കുന്ന മാലതിയെവിടെ, പൂഴിമണ്ണിൽ പൊടിപുരണ്ടുകിടക്കുന്ന നിർഭാഗ്യമൂർത്തിയായ ഗോപിയെവിടെ!

ബാല്യകാലസ്മരണകൾ ഗോപിയുടെ ഹൃദയത്തിൽ ഊക്കോടെ പാഞ്ഞുകയറി. നരേന്ദ്രന്റെ ഗൃഹത്തിൽ കഴിഞ്ഞുകൂടിയ നിരവധി ദിവസങ്ങൾ! അന്ന്, മാലതി ഒരു വെറും ബാലികെ, ഒരു കുസൃതിക്കുടുക്ക. എത്ര പ്രാവശ്യം അവൾ ഓടിച്ചാടിവന്ന് ഗോപിയുടെ കഴുത്തിൽ കെട്ടി, ഗോപിച്ചേട്ടന്റെ വീട്ടിൽ എന്നെക്കൂടെ കൊണ്ടുപോകുമോ" എന്നു ചോദിച്ചിട്ടുണ്ട്!

താരുണ്യത്തിന്റെ കുളിർകാററിൽ, ആ ഇളം മുകുളം അകൃത്രിമകാന്തിപ്രസരം പൊഴിഞ്ഞുകൊണ്ട് വികസിക്കുന്നതുകണ്ട് ഗോപിയുടെ കണ്ണുകൾ കുളിർത്തു. പക്ഷേ, അവൾ ഗോപിയിൽ നിന്ന് അകന്നകന്നുപോയി. വിദ്യാലയത്തിൽ വരുമ്പോൾമാത്രമേ പിന്നെ ഗോപിക്കവളെ കാണുവാൻ തരമുള്ളു. അവളുടെ വരവും കാത്ത് ഗോപി വഴിയരികിൽ നിൽക്കും. ചിലപ്പോൾ അവൾ ഒന്നു മന്ദഹസിക്കും, പരിചയഭാവത്തിൽ; അതുമതി, ഗോപിയുടെ ഹൃദയത്തിൽ ഒരായിരം മിന്നൽപിണരുകൾ പായിക്കാൻ. ഒരു ദിവസം ഗോപിയുടെ സ്മരണമണ്ഡലത്തിൽ തെളിഞ്ഞുകണ്ടു,—അവരുടെ വിദ്യാലയ വാർഷികദിനം. അന്നത്തെ നാടകാഭിനയം കഴിഞ്ഞ് കുറച്ച് ഇരുട്ടിയതിന്നുശേഷം മാലതി ഗൃഹത്തിലേക്കു മടങ്ങുകയായിരുന്നു. കൂട്ടുകാരികളെല്ലാം പിരിഞ്ഞു. മാലതിയും ഗോപിയും ശേഷിച്ചു. അവർ രാജപാതയുടെ ഇരുവശങ്ങളിലായി നിശ്ശബ്ദം നടന്നു. മാലതിയുടെ പടിക്കലെത്തി. "ഇനി മാലതി പോയ്ക്കോളുമല്ലോ? ഞാൻ പോകട്ടെ?" എന്നു പറഞ്ഞു ഗോപി പിരിയാൻ ഭാവിച്ചു. മാലതി അവിടെ തിരിഞ്ഞുനിന്നു. അവൾക്ക് ഗോപിയോടു എന്തോ പറയാനുണ്ട്. ഗോപി അവളുടെ സമീപത്തണഞ്ഞ്, നിഷ്കളങ്കദ്യുതിചിതറുന്ന ആ മുഖപത്മത്തിലേക്ക് ഒന്നു നോക്കി. അവന്നും ഏന്തൊക്കെയോ പറയാനുണ്ട്. പക്ഷേ രണ്ടുപേരും ഒരു വാക്കുപോലും ഉച്ചരിച്ചില്ല. അവരുടെ ഹൃദയത്തുടിപ്പുകൾ മാത്രം അന്യോന്യം കേൾക്കാമായിരുന്നു. ഈ രംഗം ഒന്നു രണ്ടു നിമിഷത്തോളമേ നീണ്ടുനിന്നുള്ളു.

ഗോപിയുടെ ജീവിതത്തിലെ ശോകമയരംഗങ്ങളുടെ ചിത്രമാണ് അടുത്തതായി അവൻ കണ്ടതു്. നാലാം പ്രാവശ്യവും പരീക്ഷയിൽ തോററതും, ലജ്ജയും വ്യസനവും നിറഞ്ഞ ഹൃദയത്തോടെ നേരെ റിക്രൂട്ടിങ്ങ് ആഫീസിലേക്കു നടന്നതും. പരിശീലന കേന്ദ്രത്തിലെ ജീവിതവും, പിന്നീടുള്ള അനുഭവങ്ങളും നരേന്ദ്രന്റെ ആഗമനവും എല്ലാം അവൻ ഓർത്തു. ഗോപിയുടെ കണ്ണുകൾ നിറഞ്ഞു.

അതാ, ഒരു ശബ്ദം! യന്ത്രത്തോക്കിന്റെ ഗർജ്ജനം!! ഗോപി, അവന്റെ സ്വപ്ന മണ്ഡലത്തിൽനിന്നും യാഥാർത്ഥ്യത്തിന്റെ മരുഭൂമിയിലേക്കു വഴുതിവീണ്. ജപ്പാൻകാർ അവരുടെ താവളത്തിനെ വളഞ്ഞിരിക്കുന്നു ഗോപിയുടെ സിരകളിലെല്ലാം യോദ്ധാവിന്റെ ചുടുരക്തം തിളച്ചുപൊങ്ങി. "പിശാചുക്കൾ!" എന്നലറിക്കൊണ്ടു അവൻ ശത്രുവിന്റെ നേരെ പാഞ്ഞുട്ടത്തു. പിന്നെ സംഭവിച്ചതൊന്നും അവനറിഞ്ഞുകൂടാ.

II

ഗോപി ഇപ്പോൾ കല്ക്കത്തയിലെ ഒരു സൈനികാശുപത്രിയിലാണ്. ചേറും ചോരയും പുരണ്ടതും കാർക്കശ്യം നിറഞ്ഞതുമായ പോർക്കളവും, സുഖസമൃദ്ധവും കാരുണ്യം തുളുമ്പുന്നതുമായ ആ ആതുരാലയവും തമ്മിലുള്ള അന്തരം! എങ്ങും വെളിച്ചം! മൂല്യശയ്യോപകരണങ്ങൾ! കാരുണ്യദേവതകളായ ശുശ്രൂഷകികൾ!

ഗോപി തന്റെ രോഗശയ്യയിൽ കിടന്നുകൊണ്ടു ആ കാളരാത്രിയിലെ സംഭവങ്ങളെ സ്മരിക്കാൻ ശ്രമിക്കയാണ്. അന്നത്തെ സംഭവങ്ങൾ ഒന്നും തന്നെ അവന്റെ സ്മൃതിമണ്ഡലത്തിൽ തെളിഞ്ഞു കണ്ടില്ല. എല്ലാം ഒരു ധൂമികകൊണ്ടു മൂടിയിരിക്കുന്നതുപോലെ തോന്നി. തനിക്കു പരുക്കേററതുപോലും എപ്പോഴാണെന്നു അവന്നു അറിഞ്ഞുകൂടാ. ങ്ങിനെ ഗോപിയുടെ മസ്തിഷ്കം പുകഞ്ഞുകൊണ്ടിരിക്കെ ഒരു തപാൽ ശിപായി അവിടെ കയറിവന്നു ഒരു ലക്കോട്ടു ഗോപിയുടെ കയ്യിലേക്കു നീട്ടി. ഗോപി അതു മേടിച്ചു പൊട്ടിച്ചുവായിച്ചു. നരേന്ദ്രന്റെ ഒരു കമ്പി സന്ദേശമായിരുന്നു അതു. അതിങ്ങിനെയായിരുന്നു: "നിങ്ങൾക്കു വിക്ടോറിയാക്രാസ്" ലഭിച്ചിരിക്കുന്നു, നിങ്ങൾ, നാട്ടുകാർക്കും, വിശിഷ്യാ നമ്മുടെ പട്ടാളത്തിന്നും ശാശ്വതയശസ്സ് സമ്പാദിച്ചിരിക്കുന്നു എന്റെ അനുമോദനങ്ങൾ". ഗോപിയുടെ, എരിഞ്ഞടങ്ങിയ ജീവിതാശകൾ വീണ്ടും പടർന്നുകത്തുവാൻ തുടങ്ങി. മാലതിയുടെ സ്മരണവീണ്ടും, അവന്റെ ഹൃദയത്തിൽ ഉദിച്ചുയർന്നു.

ഗോപിക്കു അനുമോദനസന്ദേശങ്ങൾ വന്നു ചൊരിഞ്ഞുകൊണ്ടിരുന്നു. വനാന്തരംഗത്തിൽ കിടന്ന ഒരു നിർഗ്ഗന്ധ പുഷ്പം ഞൊടിയിടകൊണ്ടു നഭോമണ്ഡലത്തിലെ ഒരത്യുജ്ജ്വലതാരമായി പരിണമിച്ചു. ഈശ്വരന്റെ മായാവിലാസങ്ങൾ!

അതൊരു മദ്ധ്യാഹ്നമായിരുന്നു. ഗോപി, ക്ഷീണംകൊണ്ടുള്ള മയക്കത്തിൽ കിടക്കുകയാണ്. ഒരു തണുത്ത കൈ ഗോപിയുടെ നെററിത്തടത്തിൽ സ്പർശിച്ചതുപോലെ തോന്നി. ഗോപി കണ്ണുതുറന്നു. അതു മാലതിയല്ലാതെ മററാരുമല്ലായിരുന്നു.

## "കുമാരി കമല"

തിരുവിതാംകൂർ ലേബർ യൂനിററിലെ അംഗങ്ങൾ ചേർന്നു സി. മാധവൻ പിള്ള, ബി. എ. (ആലപ്പുഴ), എഴുതിയിട്ടുള്ള "കുമാരി കമല" എന്ന നാടകം തന്മയത്വമായി അഭിനയിച്ചിരിക്കുന്നു. യു. എസ്സ്. എ. ഭടന്മാർ, മററു ആഫീസർമാർ പ്രത്യേകിച്ചും ലഫ്. കേണൽ ഡേവിഡ്സൻ മുതലായ അതിഥികളും സംബന്ധിച്ചിരുന്നു.

## ദേശീയത്വം ഒരു പഴഞ്ചൻ ആദൎശമാണ്

(വാൾട്ടർ ക്യൂപ്പിക്ക്)

"സ്വദേശവ്യവസ്ഥകളിലുള്ള ഇന്നത്തെ അത്ഭുതാവഹമായ പുരോഗതിമൂലം ഇന്നു ലോകം വളരെ ചെറുതായിത്തീൎന്നിരിക്കുന്നു. നാം അന്തർദ്ദേശീയ ബന്ധങ്ങളെപ്പററി പ്രസ്താവിക്കുമ്പോൾ ഈ സംഗതി ഓൎമ്മിക്കേണ്ടതുണ്ട്." മാൎച്ച് 1-ാംനു പ്രസിഡെണ്ട റൂസ്‌വെൽട്ട് ഇങ്ങിനെ പ്രസ്താവിക്കുകയുണ്ടായി. ഈ യാഥാൎത്ഥ്യം, ദേശീയ വ്യവസ്ഥകളേയും, ദേശീയത്വത്തെയും സാരമായി ബാധിക്കുന്നതാണ്. അന്യാശ്രയമില്ലാത്ത സ്വാതന്ത്ര്യം ഇന്ന് ഒരസംബന്ധമാണ്; നിരൎത്ഥകമുദ്രാവാക്യമാണ്; ആധുനികലോകത്തിന്നു ഒരു പഴഞ്ചൻ ആദൎശമാണ്. ഇതിന്നു പകരം വിപുലമായ വീക്ഷണ ഗതിയും നവീകരണവും ഉൾക്കൊണ്ട ജനങ്ങളുടെ സഹകരണബുദ്ധിയും ഐക്യവുമാണ് നാം നട്ടുവളൎത്തേണ്ടതു്. സീമയില്ലാത്തവിധം വിമാനസഞ്ചാരസൌകൎയ്യം നിറഞ്ഞ ഇന്നത്തെ ലോകത്തിൽ ദേശീയത്വത്തിന്നു സ്ഥാനമേയില്ല.

. . . യുദ്ധാനന്തരം ഭാവിയിൽ വരാൻപോവുന്ന നവയുഗത്തിൻെറ സവിശേഷ സ്വഭാവം 'ആകാശ ശക്തികളെ' മനുഷ്യൻ മല്ലടിച്ചു ജയിച്ചുവെന്നതാണ്. ആകാശസഞ്ചാരത്തിൻെറ പുരോഗതി, മനുഷ്യരാശിയുടെ രാഷ്ട്രീയാഭിപ്രായങ്ങളിലും ഗണ്യമായ പരിവൎത്തനം വരുത്തിത്തീൎക്കും. അതൃത്തികളും, പരമാധികാരങ്ങളും വിമാനത്തിൻെറ മുമ്പിൽ വിലങ്ങടിച്ചു കിടക്കുകയില്ലതന്നെ.

സാങ്കേതികശാസ്ത്രം നന്മക്കും തിന്മക്കും ഉപയോഗിക്കാവുന്നതാണ്. ഈ യുദ്ധത്തിലെ നശീകരണ കൃത്യങ്ങളെല്ലാം കണ്ടനുഭവിച്ച ശേഷം മനുഷ്യജനത സാങ്കേതിക നേട്ടങ്ങളെ നന്മക്കു വേണ്ടി ഉപയോഗിക്കുന്നതിന്നു പഠിച്ചുതുടങ്ങിയിരിക്കണം. ലോകം ഹ്രസ്വമായി വരികയാണ്; അതോടൊപ്പം മനുഷ്യഹൃദയം വിശാലമാവുകയും ചെയ്യുന്നു.

## കൂടുതൽ മഹനീയമായ വിജയങ്ങളിലേക്കു

മാണ്ടലെ വീണു കഴിഞ്ഞു. ജാപ്പധികാരികൾ അവരുടെ പ്രചരണങ്ങളിൽ, ബൎമ്മയിലെ രണ്ടാമത്തെ മഹാനഗരമായ മാണ്ടലെ വളരെ പ്രധാനമായതാണെന്നും, തന്മൂലം സൎവ്വപ്രകാരേണയും അതു സംരക്ഷിക്കുന്നതാണെന്നും, അവരുടെ ജനങ്ങളോടു പറയുകയുണ്ടായിട്ടുണ്ട്.

അതിനാൽ, അതു നാം കൈപ്പററിയതു ജപ്പാനിലെ ജനങ്ങൾക്കും അതുപോലെ ബാക്കി ലോകത്തിന്നും, ബൎമ്മയുടെ വിമോചനത്തിന്നു നിങ്ങൾ എത്രമാത്രം പുരോഗതിയാണ് കൈവരിക്കുന്നതു എന്നു വ്യക്തമാക്കിയിരിക്കുന്നു.

ഈയിടെ ഐരാവതീനദി കടന്നതുതന്നെ ഒരു വീരചരിതമാണ്.

നിങ്ങളുടെ സ്വന്ത ജനങ്ങൾ വളരെയധികം അഭിമാനത്തോടും താല്പൎയ്യത്തോടും വീക്ഷിച്ചുവരുന്ന ഈ സംഭവവികാസങ്ങൾ അക്രമിരാഷ്ട്രങ്ങളുടെ അവസാന വിനാശത്തിന്നു മാത്രമല്ല ഉപകരിക്കുന്നതു്. ജാപ്പുകളുടെ വരുതിയിലുള്ള നമ്മുടെ തടവുകാൎക്കു അതു ആശ്വാസവും പ്രോത്സാഹിതവും നൽകുന്നുണ്ട്; പരിപൂൎണ്ണമായി ശാന്തിയും സമാധാനവും സമ്മേളിക്കുന്ന ഒരു ലോകത്തിലേക്കു ആസന്ന ഭാവിയിൽ അവൎക്കു എത്തിച്ചേരാമെന്നുള്ള അവരുടെ ആശ അധികരിച്ചുവരുന്നുമുണ്ട്.

ഇന്ത്യക്കാർ, ബ്രിട്ടീഷുകാർ അമേരിക്കക്കാർ, ചൈനക്കാർ, ആഫ്രിക്കക്കാർ തുടങ്ങി വിവിധദേശക്കാരും ജോലിക്കാരുമായ നിങ്ങൾ എല്ലാവൎക്കും എൻെറ കൃതജ്ഞത പ്രകാശിപ്പിക്കട്ടെ. ഭാവിയിൽ ഇതിലും മഹനീയമായ വിജയങ്ങളുണ്ടാകുമെന്നു ഞാൻ വിശ്വാസപൂൎവ്വം പ്രതീക്ഷിക്കുന്നു.

(ലൂയി മൌണ്ട് ബാററൻ പ്രഭു മാൎച്ച് 20-ാംനു ചെയ്ത ഒരു പ്രക്ഷേപണ പ്രസംഗത്തിൽ)

## അനുകരണീയമായ ഒരു മാതൃക

തൻെറ എസ്റ്റേററിൽ പട്ടാളക്കാരെച്ചേൎക്കുന്നതിന്നു കൂടുതൽ ഉജ്ജീവനം നൽകുന്നതിന്നുവേണ്ടി, വിശാഖപട്ടണം ജില്ലയിലെ കുരുപ്പം ജെമിന്താർ, ഭടന്മാൎക്കു ഭൂമി കൊടുക്കുന്നതാണെന്നു സമ്മതിച്ചിരിക്കുന്നു. ഈ ഭൂമിക്കു നികുതി ചുമത്തപ്പെടുകയില്ല. പട്ടാളക്കാരൻ യുദ്ധക്കളത്തിൽ വെച്ചു മൃതനാവുന്നപക്ഷം, അദ്ദേഹത്തിൻെറ വിധവക്കോ, പുത്രന്മാൎക്കോ അതു കിട്ടുന്നതായിരിക്കും. ഈ ഗ്രാൻറു നൽകുന്നതു് താഴെ പറയുന്ന വിധത്തിലാണ്:—

(1) വി.സി.യോ, ജി.സി.യോ കിട്ടുന്നവൎക്കു, ഒരു വീടും രണ്ടു ഏക്കർ ചതുപ്പു നിലവും, മൂന്നു ഏക്കർ വരണ്ട നിലവും.

(2) സി.എസ്.ഒ., ഐ.ഒ.എം., ഐ.ഡി.എസ്., എം.സി.ജി.എം., ജി.എം., എന്നിവ നേടുന്നവൎക്കു രണ്ടു ഏക്കർ ചതുപ്പു നിലവും മൂന്നു ഏക്കർ വരണ്ട നിലവും.

(3) എം. സി., എം. എം., സി. എസ്. സി., ഡി. എസ്. എം., സി. എഫ്.സി., ഡി.എഫ്.എം. എന്നിവക്കു അൎഹരാകുന്നവൎക്കു രണ്ടു ഏക്കർ ചതുപ്പു നിലവും ഒരേക്കർ വരണ്ട നിലവും.

(4) 'വിശേഷപ്പെട്ടവർ' എന്ന അടയാളത്തോടുകൂടി മടങ്ങിവരുന്ന പട്ടാളക്കാൎക്കു രണ്ടു ഏക്കർ ചതുപ്പു നിലം.

## "ഭാരത മാതാവിനോടു"

(ടി. ആർ. മേനോൻ)

എന്തിനായ്‌കരയുന്നതെന്നമ്മേ! ഭവതിതൻ
ചിന്തിതം സാധിക്കാറായ്, സ്വസ്ഥയായിരുന്നാലും.
ഘോരമാമേതാപത്തു വന്നാലും തടയുവാൻ-
ധീരന്മാർ പുത്രർ ബദ്ധശ്രദ്ധരായിരിക്കുന്നു
കഴിഞ്ഞു ഭവതിതൻ കണ്ടകശ്ശനി, ദുഃഖ-
മൊഴിഞ്ഞു പതിനൊന്നിൽ വ്യാഴവും വരാറായി
കണ്ടകന്മാരാം ജപ്പാൻകാരുടെ മദംതീൎത്തു
മണ്ടിക്കാതടങ്ങുകയില്ല നിൻ തനയന്മാർ.
തൊഴുത്തിൽക്കുത്തും തവ പുത്രന്മാരൊടുക്കത്തിൽ
പഴിക്കും തന്നത്താനെയെന്നതു ദൃഢംതന്നെ.
താവകകദനത്തെത്തീൎക്കുവാൻവേണ്ടിപ്പണ്ടു-
വീടുവിട്ടിറങ്ങാത്ത മോഹനാംഗികൾപോലും
ഘോരമാം രണഭൂവിൽ ക്രൂസലെന്നിയെ ചെന്നു
ധീരതയോടും യുദ്ധസേവനം ചെയ്യുന്നില്ലേ?
രക്തമിന്നൊരുതുള്ളി ഞങ്ങളിൽ ശേഷിപ്പോളം
ശക്തിയായ് പൊരുതീടും താവകനന്മക്കായി
കാഠിന്യംകൂടും ബോമ്പിൻ ശബ്ദത്താൽ താഴ്ന്നിച്ച
താവക കൎണ്ണങ്ങൾക്കു ഞങ്ങൾതൻ ജയഘോഷം
പീയൂഷവൎഷമായിത്തീരട്ടെ! ഭവതിതൻ
മെയ്യെല്ലാം രോമാഞ്ചത്താലാവൃതമായിടട്ടെ!

## ഞങ്ങളുടെ തപാൽ പെട്ടി

സർ,

കുറച്ചുകാലമായി 'യുദ്ധസഞ്ചിക' എന്ന ആഴ്ചപ്പതിപ്പു ഞാൻ വായിച്ചുവരുന്നു. എന്നാൽ മലയാള ഭാഷയിൽത്തന്നെ അനവധി അനുദിനപ്പത്രങ്ങൾ, ആഴ്ചപ്പതിപ്പുകൾ, മാസികകൾ മുതലായവ കണ്ടുവരുന്നുണ്ടെങ്കിലും, അല്പകാലമായി പുറപ്പെട്ടു തുടങ്ങിയ ഈ പത്രത്തിൻെറ ഗുണവും ആവശ്യകതയും വളരെയുണ്ടെന്ന് പറയാതെ തരമില്ല.

ഇതിൽ അടങ്ങിയിരിക്കുന്ന പദ്യങ്ങൾ, ചെറുകഥകൾ, ഏകാങ്കനാടകങ്ങൾ, മററു പല ലേഖനങ്ങൾ, കൂടാതെ നിങ്ങളുടെ ലേഖകന്മാരോടുള്ള വാത്സല്യ പൂൎവ്വമായും, ശാസനാരൂപമായും ഉള്ള നിൎദ്ദേശങ്ങൾ, ഇവ പട്ടാളക്കാരെ കൂടാതെ സാഹിത്യ രസികന്മാരെപ്പോലും ആനന്ദതുന്ദിലരാക്കുന്നതാണെന്നു നിസ്സംശയം പറയാം.

അതിനാൽ ഈ വക സംഗതികളിൽ ബുദ്ധിപൂൎവ്വം മുന്നിട്ടു നിന്നു പ്രവൃത്തിക്കുന്ന ഭാരവാഹികളോടു ഞാൻ കൃതജ്ഞത പ്രകടിപ്പിച്ചുകൊള്ളട്ടെ.

സി. ആർ. സൈമൺ.

## പൌരന്മാരും പട്ടാളക്കാരും

പട്ടാളക്കാരും പൊതുജനങ്ങളും തമ്മിൽ അൎത്ഥമില്ലാത്ത ഒരു വിരോധമുണ്ട്. സമുദായം പട്ടാളത്തെ ഒരു നികൃഷ്ടജീവി എന്നവണ്ണം ചവിട്ടിത്തേക്കാൻ ശ്രമിക്കുന്നു. പട്ടാളമൊ, സമുദായത്തെ ഒരു പഹയനായി കണക്കാക്കുന്നു. ഹാ! എന്തു വൈപരീത്യം!

വാസ്തവമൊന്നാലോചിക്കുക. സമുദായം പട്ടാളത്തിന്നു ചോറു കൊടുക്കുന്നു; പട്ടാളമാവട്ടെ സമുദായത്തിന്നു പാറാവു നിൽക്കുകയും ചെയ്യുന്നു. എത്ര സുദൃഢവും അത്യന്താപേക്ഷിതവുമായ പരസ്പരബന്ധം! പക്ഷെ, ഇന്നത്തെ അനുഭവം എന്താണ്? രണ്ടു കൂട്ടരും തമ്മിൽ കാണുന്നിടത്തെല്ലാം വെച്ചു കടിപിടി. ഇതിനെല്ലാം കാരണം ഒരല്പം ആലോചനക്കുറവുമാത്രം! ഈ ഭിന്നിപ്പിനെ ഇല്ലാതാക്കുന്നതിന്നുതകുന്ന ലേഖനങ്ങൾ, യു. സഞ്ചികയിൽ എഴുതുന്നതു വളരെ പ്രയോജനകരമായിരിക്കും.

നീലകണ്ഠൻ.

(ഈ അപേക്ഷയെ പൌരന്മാരും പട്ടാളക്കാരുമായ ലേഖകന്മാരുടെ സമക്ഷം ഞങ്ങൾ സമൎപ്പിക്കുന്നു.—യു.സ.പ.)

പ്രഹസനം

# സുമാലിനി

(കെ. പി. സതീനാഥ്, വൈത്തിരി)

(തുടർച്ച)

## രംഗം 6

സ്ഥലം—കേമ്പിലെ ഒരു മുറി—സമയം പുലർകാലം.

(ചിന്താമഗ്നനായ കമാണ്ടർ ഇരിക്കുന്നു)

(തിരശ്ശീല ഉയരുന്നു.)

(മുഖമൂടി ധരിച്ചതായ ഒരു തരുണി പതുങ്ങി പതുങ്ങി ആ മുറിയിലേക്കു കടന്നു ചെല്ലുന്നു.)

കമാണ്ടർ: (ഒന്നു ഞെട്ടി): ഉം—ആരാണതു്?

തരുണി: ആരെന്നാണു് തോന്നുന്നതു്?

കമാണ്ടർ: ഈ സൈന്യമൊക്കെ അണിനിരന്നിരിക്കുന്ന ഈ കേമ്പിൽ അവരാരും കാണാതെ കടന്നു വരുവാൻ ധൈര്യപ്പെട്ടതു ആശ്ചര്യം. ശരി നീ എന്തിനായിട്ടുവന്നു—ആവശ്യമെന്തു്,

തരുണി: പ്രഭോ! നിങ്ങൾക്കു മാത്രമല്ല, കപടതന്ത്രങ്ങളും, മായാപ്രവൃത്തിയും ഭാരതസന്താനങ്ങളായ ഞങ്ങൾക്കും അറിയാം ചിലതു. എന്നെ അറിയാത്തതുകൊണ്ടു ഉല്കണ്ഠ വേണ്ട. ഇതാ കണ്ടോളു. (തരുണി മുഖമൂടി എടുത്തു ശൃംഗാരം നടിച്ചുകൊണ്ടു കമാണ്ടരെ കടാക്ഷിക്കുന്നു. സുമാലിനിയുടെ കടാക്ഷവലയിൽപ്പെട്ട കമാണ്ടർ കാമാന്ധനാവുന്നു.)

കമാ: ഓമനേ! ഭവതി ആരാണു്, രാജ്യമേതു്? ഇവിടെ എങ്ങിനെ എത്തി?

തരു: എന്റെ രാജ്യം മീവാറാണു്. ഞാൻ ഭാരതസാമ്രാജ്യത്തിലെ ഒരു തരുണി. സൈന്യസേനയിലെ ഒരംഗം. പേർ സുമാലിനി—രജപുത്രവംശജാത.

കമാ (മന്മഥശരമേററു മയങ്ങി): പ്രിയേ! അടുത്തു വരൂ; ഈ കോമളമായ മേനി ഞാനൊന്നു പുണരട്ടെ. സ്വർണ്ണകുടങ്ങളെന്നു തോന്നുമാറുള്ള ആ കുചങ്ങൾ രണ്ടും എന്റെ മാറിലൊന്നു പതിയുമാറു പുണരട്ടെ! തേനൂറുന്ന ആ ചുണ്ടുകളിൽ ഞാനൊരു ചുംബനം ചെയ്യട്ടെ. ജാപ്പാൻകാരായ ഞങ്ങൾക്കു ഇന്ത്യക്കാരായ തരുണികളെ വളരെ പത്ഥ്യമാണെന്നു ഭവതി അറിഞ്ഞിട്ടില്ലെ? എന്റെ അഭീഷ്ടം സാധിപ്പിക്കുന്നപക്ഷം ഭവതിക്കു അനൈശ്വര്യലബ്ധിയുണ്ടാവും. വരൂ ഓമനേ! എന്റെ ഇംഗിതം സാധിപ്പിക്കൂ.

സുമാ: പ്രഭോ! അങ്ങയുടെ അഭിമതമൊക്കെയും മനസ്സിലായി; പക്ഷെ, എനിക്കൊരററ അപേക്ഷ. ഞങ്ങൾ ഭാരതവനിതകൾ നിങ്ങളുടെ ജാപ്പുവനിതകളുടെ മാതിരി വ്യഭിചാരിണികളല്ല. ഭാരതസാമ്രാജ്യത്തിലെ മഹിളാമണികൾ ചാരിത്ര്യം രക്ഷിക്കുന്നവരാണു്. അവർ അവരുടെ രാജ്യത്തിന്നുവേണ്ടി സമരം ചെയ്യാനും എന്നു തന്നെയല്ല മരിപ്പാനും സദാസന്നദ്ധകളാണു്.

കമാ (മുഖഭാവം മാറി): നീ ഇന്നെവിടെയാണെന്നും ആരുടെ മുമ്പിലാണു് നില്ക്കുന്നതെന്നും നല്ലവണ്ണം ഓക്കണം. എന്നോടു ഇത്ര ധിക്കാരമായിട്ടു ഒരൊററ സ്ത്രീ പോലും ഇതുവരെ സംസാരിച്ചിട്ടില്ല. നീ ഒരു പെണ്ണു്. നിന്നെകൊണ്ടു ആവുന്നതു ഇന്നതാണെന്നു എനിക്കറിയാം. സിംഹത്തിന്റെ മുമ്പിൽ പെട്ടതായ മാൻകുട്ടി. കുതിരക്കും മുളച്ചുവൊ കൊമ്പു!

സുമാ (ക്രോധത്തോടെ): ഹേ! കശ്മലാ! ദുഷ്ട ജാപ്പു പ്രഭുവേ! നിങ്ങൾ ജപ്പാൻകാർ ഇത്ര വമ്പന്മാരാണെന്നു ഇപ്പഴത്തെ പലേ അനുഭവങ്ങളെകൊണ്ടും അറിഞ്ഞുവരുന്നുണ്ടു്. പോയ രണ്ടുകൊല്ലം മുമ്പു കള്ളന്മാരായ നിങ്ങൾ പലെ കുതന്ത്രങ്ങളെകൊണ്ടും സിങ്കപ്പൂർ, ബർമ്മ, മുതലായ സഖ്യശക്തികളുടെ രാഷ്ട്രങ്ങൾ നൊടിയിടകൊണ്ടു കയ്യിലാക്കി. എന്നാൽ ഇന്നാവട്ടെ ഇന്ത്യൻ വീരയോദ്ധാക്കളുടെ മുമ്പിൽ അഗ്നിയെ കണ്ട വെറും ചിത്രശലഭങ്ങളുടെ മാതിരിയായി തീർന്നിരിക്കുന്നു നിങ്ങളുടെ അവസ്ഥ. കരയിലും, കടലിലും, ആകാശത്തിലും ഇന്നു സഖ്യശക്തികളുടെ ബലം കണ്ടുതന്നെ അറിയണം. മണിപ്പൂർ, അസ്സാം, ബർമ്മാ അതിർത്തി ഇതൊക്കെയും ഞങ്ങളുടെ കയ്യിലായി, കൂടാതെ നിന്റെ ഈ കേന്ദ്രത്തിന്നു പോലും അടുത്തു ഞങ്ങൾ എത്തികഴിഞ്ഞു. ടോജോ മുതലായ നിങ്ങളുടെ തലവന്മാരുടെ ആകാശത്തിലെ മനക്കോട്ട ഇതാ തകർന്നു നിലം പതിക്കുവാൻ പോകുന്നു. ഇത്ര ഒക്കെ പട്ടാളക്കാർ ഈ പാളയത്തിലിരിക്കെ ഞാൻ ഒരുവൾ അവരാരും കാണാതെ തന്റെ പട്ടാളത്തിന്നകത്തു കടന്നതു ആശ്ചര്യമല്ലേ. ഇതുകൊണ്ടു തന്നെ ഞങ്ങൾ ഇന്ത്യക്കാർ—അതെ ഭാരത ജനനിയുടെ മക്കൾ—തുച്ഛന്മാരെന്നു കരുതേണ്ട. സൂക്ഷിച്ചു സംസാരിച്ചുകൊള്ളൂ.

കമാ: ഹാ! ഹാ! (പൊട്ടിച്ചിരിക്കുന്നു.) കേവലം ഒരബലയായ സ്ത്രീ, കഷ്ടം, നമ്മുടെ മുമ്പിൽവെച്ചു ധിക്കാരമൊ? കഷ്ടം, കഷ്ടം. നീ നല്ലവണ്ണം സൂക്ഷിക്കണം. എന്റെ അഭീഷ്ടം സാദ്ധ്യമാവാത്തപക്ഷം നിന്നെ നാം ചെയ്യുന്ന ഘോരകൃത്യം എന്തെന്നറിയുമൊ? കടുവയുടെ കയ്യിൽപ്പെട്ട മാൻകിടാവിന്നു എന്തു ചെയ്യാൻ സാധിക്കും?

സുമാ: എടാ ദുഷ്ടാ! എന്റെ ജീവനാഥനെ പിടിച്ചു നിന്റെ ജയിലിൽ അടച്ചിട്ടിരിക്കുന്നു. അദ്ദേഹത്തെ, ആ വീരപുരുഷനെ രക്ഷിപ്പനാണു് ഞാൻ നിന്റെ അടുക്കലേക്കു വന്നതു. നീ എന്തു പറയുന്നു? മേവാഡിലെ പത്മിനിയുടെ വംശത്തിൽ ജനിച്ചവൾ ഞാൻ തന്നെയെങ്കിൽ എന്റെ ജീവേശനെ ഞാൻ രക്ഷിക്കും. അല്ലാതെ നിന്റെ അഭിമതം—അതെ മന്മഥപ്രീതി—വരുത്തുവാനല്ല ഞാൻ വന്നതു്.

(പാളയത്തിന്റെ മറെറാരുവശത്തു സഖ്യസേനയും ജാപ്പുകാരും തമ്മിൽ ഭയങ്കരയുദ്ധം നടക്കുന്നു. സഖ്യശക്തിയിലെ ഇന്ത്യൻ യോദ്ധാക്കളുടെ പീരങ്കികളും തോക്കുകളും പുറപ്പെടുവിക്കുന്ന ഓരോ ഠേ, ഠേ. ശബ്ദവും വിജയം, വിജയം എന്നു ഗർജ്ജിക്കുന്നു. തോക്കിൽനിന്നും വമിക്കുന്ന ധൂമപടലം സഖ്യഭടരുടെ വിജയപതാകയായി വാനിൽ പറന്നു നടക്കുന്നു). കമാണ്ടർ ക്രോധത്തോടുകൂടി ചാടി എഴുന്നീററു. എടീ! ദുഷ്ടെ, നിന്നെ ഞാൻ ഇക്ഷണം ശരിയാക്കുന്നുണ്ടെന്നു അട്ടഹസിക്കുന്നു. സുമാലിനി തന്റെ അരയിൽ തൂക്കികിടക്കുന്ന വജ്രതുല്യമായ കഠാരി ഊരുന്നു. കമാണ്ടർ സുമയുടെ നേരെ ദുശ്ശാസനനെപോലെ പാഞ്ഞടുക്കുകയും സുമയുടെ കഠാരം കമാണ്ടരുടെ ഹൃദയത്തിലേക്കു കടക്കുകയും ഒന്നിച്ചുകഴിഞ്ഞു. കമാണ്ടർ മറിഞ്ഞുവീഴുന്നു. ദുശ്ശാസനനെ കൊന്ന രൌദ്രഭീമനെ പോലെ സുമ നിന്നു വിറക്കുന്നു. നിലവിളി കേട്ടതായ മൂന്നു ജാപ്പു പടയാളികൾ കേമ്പിലേക്കു ഓടുന്നു. സുമ തന്റെ റിവോൾവർ കൊണ്ടു അവരെയും കാച്ചുന്നു. ശേഷിച്ച ജാപ്പാൻകാർ അഭയസ്ഥാനം തേടി ഓടിപ്പോകുന്നു. (തിരശ്ശീല വീഴുന്നു.)

## രംഗം 7

(കേമ്പിന്നകത്തെ ഒരു മുറി, തിരശ്ശീല ഉയരുന്നു.)

സുമാലിനി ജെയിൽ മുറി തുറന്നു അവളുടെ ജീവനാഥനെ പുറത്തിറക്കുന്നു. മുഖമൂടി ധരിച്ചതിനാൽ സുമയെ തിരിച്ചറിയാതെ രവി പരുങ്ങുന്നു.)

രവി: ഹേ! ധീരതരുണീ! ഭവതി ആരാണു്? ക്രൂരന്മാരായ ജാപ്പാൻകാരെ തോല്പിച്ചു ഈ ബന്ധനസ്ഥനായ എന്നെ—അതെ മരണവക്ത്രത്തിലേക്കു കാലെടുത്തു വെച്ച എന്നെ രക്ഷിക്കുവാൻ തോന്നിയ ആ വാത്സല്യബുദ്ധി ഏതാണു്?

സുമ: ഹേ! വീരഭടാ! അങ്ങേക്കു സർവ്വമംഗളങ്ങളും ലഭിക്കുമാറാകട്ടെ. ഞാൻ ആരായിരുന്നാലും തന്റെ ജീവനെ രക്ഷിക്കുവാൻ ദൈവത്താൽ നിയോഗിച്ച ദൈവദൂതി എന്നു മാത്രമെ കരുതേണ്ടു. എന്നാൽ അങ്ങയെ ഈ വിധം ചെയ്ത ക്രൂരന്മാരോടു ഇതിന്നുള്ള പ്രതികാരം ചെയ്യുകയും ആ ദുഷ്ടരുടെ സാമ്രാജ്യത്തിൽതന്നെ ഐക്യപതാക പാറിക്കളിക്കുവാൻ ഇടവരുത്തുകയും ചെയ്യേണമെന്നാണു് എന്റെ അപേക്ഷ

രവി: ആവട്ടെ; ആ ജാപ്പു കമാണ്ടർ എവിടെ?

സുമ: അവനെ ഞാൻ കൊന്നുകളഞ്ഞു.

രവി: എങ്ങിനെ?

സുമ: വരൂ, ഞാൻ കാട്ടിത്തരാം. (രവിയുടെ കൈക്കു പിടിച്ചു കമാണ്ടരും കൂട്ടുകാരും മരിച്ചുകിടക്കുന്ന മുറിയിൽവന്നു നോക്കുന്നു. രവി ആശ്ചര്യം നടിക്കുന്നു.)

രവി: ഭവതി വിപത്തി ധൈര്യേണ ചെയ്ത കൃത്യം എത്ര ഭയാനകം, എത്ര ഭയങ്കരം. ഭവതിയെപോലുള്ള ഭാരതരമണികൾ ഇനിയും ഭാരതാവനിയിൽ ഉയർന്നു എഴുന്നേല്ക്കട്ടെ. (രക്താഭിഷിക്തനായി കിടക്കുന്ന ആ ദുഷ്ടന്റെ മുഖത്തു ഇപ്പഴും ഒരു പൈശാചിക ചിരി അതാ നടനമാടുന്നു.) ഭവതിയുടെ കൃത്യം എത്രയും ശ്ലാഘനീയം തന്നെ. രവി സുമയെ ഗാഢാലിംഗനം ചെയ്യുന്നു.

(തിരശ്ശീല വീഴുന്നു.)

## രംഗം 8

(സ്ഥലം—കമാണ്ടരുടെ മരണമുറി, ജമേദാർ രവിയും മുഖമൂടി ധരിച്ച സുമാലിനിയും നില്ക്കുന്നു. സഖ്യസൈന്യത്തിലെ ജനറലും ഭടന്മാരും വരുന്നു—തിരശ്ശീല ഉയരുന്നു.)

ജനറൽ: ഹലോ! മൈ ഡിയർ രവീ (കൈകൊടുക്കുന്നു). തന്നെ ദുഷ്ടരായ ജാപ്പാൻകാർ നശിപ്പിച്ചേക്കുമെന്നു നാം കരുതി. ദൈവം അത്രക്കും നിഷ്കരുണനല്ലല്ലൊ. കാണിപിടിച്ച ഈ മംഗളവേളയിൽ നമ്മുടെകൂടെ പങ്കുചേർന്നു സുഖിക്കുവാൻ താനില്ലാതെ വരുമെന്നു ഞങ്ങൾ വ്യസനിച്ചു. പക്ഷെ തന്നെ ദൈവം രക്ഷിച്ചു. ഇരിക്കട്ടെ, എങ്ങിനെ രക്ഷപ്പെട്ടു ഇക്കാണുന്നതെന്തു? ശവത്തിന്റെ അടുത്തു ചെന്നു സൂക്ഷിച്ചുനോക്കി. കഠാരികൊണ്ടു് ഈ രാക്ഷസനെ ഇത്ര സധൈര്യം കൊന്നതു ആരാണു്?

രവി: (സുമയെ ചൂണ്ടി) ഇതാ ഈ നില്ക്കുന്ന രമണി.

ജനറൽ: ഇതാരാണു്—ആളെ അറിയാതിരിപ്പാൻ മുഖകവചം ധരിച്ചിരിക്കുന്നുവല്ലൊ. (സുമ മുഖമൂടി എടുക്കുന്നു.)

ജനറൽ: ഹേ! തരുണിരത്നമേ! ഭവതി ചെയ്തതായ ഈ കൃത്യം എത്രയും ശ്ലാഘനീയം. എത്ര പുകഴ്ത്തിയാലും ഭവതിയുടെ ഈ കൃത്യത്തിന്നു വില മതിക്കാവുന്നതല്ല?

ജനറൽ (രവിയുടേയും സുമാലിനിയുടേയും കൈകൾ ചേർത്തുപിടിച്ചു): പ്രിയപ്പെട്ട ജമേദാർ രവിയും ധീരയായ സുമാലിനിയും തമ്മിൽ ഭാര്യാഭർത്തൃബന്ധത്തിൽ ഒത്തിണങ്ങി ദാമ്പത്യബന്ധം സുഗമമായി പുലർത്തുവാനും—ഈ യുദ്ധത്തിൽ വീണ്ടും ഇവരെപ്പൊലെയുള്ള യുവതീയുവാക്കന്മാർ പങ്കുചേരുവാനും സർവ്വശക്തനായ ദൈവം തുണയരുളുവാൻ നാം നിത്യം പ്രാർത്ഥിക്കും.)

(പട്ടാളക്കാർ ഹസ്തഘോഷങ്ങളും ചീയേഴ്സ് വിളിയും മുഴക്കുന്നു—തിരശ്ശീല വീഴുന്നു.)

(സമാപ്തം)

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.